കേരള സർക്കാർ

# കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## ചെട്ടികുളങ്ങര ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ-എ.എൽ.പി/പി7-1562/16

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

ഇ-മെയിൽ: ddhglfalpy@mail.com

ഫോൺ: 0477 2252753

തീയതി: 30.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചെട്ടികുളങ്ങര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം:- ചെട്ടികുളങ്ങര ഗ്രാമ പഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1ഖണ്ഡികയിലേക്കും ഭാഗം 3ലെ 3-1, 3-3, 3-5, 3-6, 3-9, 3-14 ഖണ്ഡികയിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി7-1562/16 തിയ്യതി: 30.12.2016

# ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.04.2016മുതൽ 04.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സി.വൈ.സലിം,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.11.16മുതൽ 26.11.16വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ബി.ലിജിലാൽ,ഓഡിറ്റ്ഓഫീസർ |
| | ശ്രീമതി.സി.എസ്.മായാദേവി, അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ദീപാ.കെ.ഗോപാൽ, അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ. |
| | ശ്രീ.പ്രദീപ് കുമാർ.ആർ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

| പ്രസിഡന്റ് | കാലയളവ് |
|---|---|
| ശ്രീമതി.ചന്ദ്രലേഖ | 1.4.15മുതൽ 31.10.15വരെ |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 1.11.15 മുതൽ 11.11.15 വരെ |
| ശ്രീമതി.സി.കൃഷ്ണമ്മ | 12.11.15 മുതൽ 31.3.16 വരെ |
| സെക്രട്ടറി | |
| ശ്രീ.ഡി.സജുലാൽ | 1.4.15മുതൽ 22.8.15 FNവരെ |
| ശ്രീ.അജിത്ത്.എസ്. | 22.8.15മുതൽ 31.3.16 വര |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ഹേമലത ബാലചന്ദ്രൻ | 1.4.15 മുതൽ 31.3.16 വരെ |
| അസിസ്റ്റന്റ്എഞ്ചിനീയർ | ശ്രീമതി.ഇന്ദു.എസ്.എസ്. | 1.4.15മുതൽ 31.3.16വരെ |
| വി.ഇ.ഒ | ശ്രീ.ഹരികൃഷ്ണൻ.ജി. | 1.4.15മുതൽ 3.7.15വരെ |
| | ശ്രീ.നിസാറുദ്ദീൻ | 4.7.15 മുതൽ 6.8.15 വരെ |
| | ശ്രീ.ഹരികൃഷ്ണൻ.ജി | 6.8.15 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.റ്റി.സി.സതീദേവി | 1.4.15മുതൽ 30.5.15വരെ |
| | ഡോ.ധന്യ ജയപ്രകാശ് | 1.6.15മുതൽ 25.8.15 വരെ |
| | ഡോ.ശാന്തി | 26.8.15 മുതൽ 31.3.16വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.മനോജ് | 1.4.15മുതൽ 31.3.16.വരെ |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | ഡോ.സുരേഷ് | 1.4.15മുതൽ 31.3.16.വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.റ്റി.റ്റി.വേണുകുമാർ | 1.4.15മുതൽ 31.3.16.വരെ |
| ഐ.സി.ഡി.എസ്.സൂപ്പർ വൈസർ | ശ്രീമതി.സരസ്വതി | 1.4.15മുതൽ 14.12.15വരെ |
| | ശ്രീമതി. നിർമ്മലകുമാരി | 15.12.15മുതൽ 31.3.16വരെ |
| വെറ്ററിനറി സർജൻ | ഡോ.പ്രിയ ശിവറാം | 1.4.15മുതൽ 31.3.16വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ശ്രീകുമാർ.എസ്. | 1.4.15മുതൽ 10.8.15വരെ |
| | ശ്രീ.ഗോപാലകൃഷ്ണൻ.ആർ | 20.8.15മുതൽ 30.9.15 വരെ. |
| | ശ്രീ.ഗംഗാലക്ഷ്മി.എസ്. | 1.10.15 മുതൽ 31.3.16 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1മുതൽ<br>1-11വരെ |
| | ഭാഗം 2 | |
| 2 | വസ്തു നികുതി ഈടാക്കുന്നതിലെ ഉദാസീനത – പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ ചോർച്ചയുണ്ടാകുന്നു | 2-1 |
| 3 | പരസ്യ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല | 2-2 |
| 4 | തൊഴിൽ നികുതി | 2-3 |
| 5 | വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഇളവ് നൽകൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല | 2-4 |
| 6 | ഡി & ഒ ലൈസൻസ് ഫീസ് | 2-5 |
| 7 | ലക്ഷങ്ങൾ ബാങ്ക് അക്കൗണ്ടിൽ നിഷ്ക്രിയമായി അവശേഷിക്കുന്നു | 2-6 |
| | ഭാഗം 3 | |
| 8 | ഫില്ലിംഗിന് ടേപ്പ് മെഷർമെന്റ് പ്രകാരമുള്ള അളവുകളിൽ നിന്നും നിയമാനുസൃത കുറവ് വരുത്താതെ തുക അനുവദിച്ചത് വഴി 1.18 ലക്ഷം രൂപയുടെ അധികച്ചെലവ് | 3-1 |
| 9 | എഗ്രിമെന്റ് പ്രകാരമുള്ള പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും വർക്കുകൾ ആരംഭിച്ചിട്ടില്ല | 3-2 |
| 10 | മതിയായ കാരണങ്ങളില്ലാതെ കുറഞ്ഞ നിരക്കിലുള്ള ടെൻഡർ ഒഴിവാക്കി പ്രവൃത്തി നിർവ്വഹണം | 3-3 |
| 11 | പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താത്പര്യം സംരക്ഷിക്കാതെ വർക്കിന്റെ നിർവ്വഹണം നടത്തുകമൂലം അധികച്ചെലവ് | 3-4 |
| 12 | തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ് - ഇല്ലാത്ത ഓർഡിനറി ബൾബുകളുടെ പേരിൽ അധിക നിരക്ക് അടക്കുന്നു. | 3-5 |

| | | |
|---|---|---|
| 13 | പൈപ്പ് ലൈൻ എക്സ്റ്റൻഷനായി വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ച വർഷങ്ങൾക്കുശേഷവും പ്രോജക്ട് പൂർത്തീകരിച്ചില്ല | 3-6 |
| 14 | പൈപ്പ് ലൈൻഎക്സ്റ്റൻഷൻ - വിനിയോഗശേഷം ബാക്കിയുള്ള തുക വാട്ടർ അതോറിറ്റിയിൽ നിക്ഷേപമായി തുടരുന്നു | 3-7 |
| 15 | പാലിയേറ്റീവ് കെയർ പദ്ധതി - ഗ്രാമ പഞ്ചായത്തിന്റെ ആംബുലൻസ് വാഹനം ഉപയോഗപ്പെടുത്തുന്നില്ല | 3-8 |
| 16 | ആശ്രയ പദ്ധതി - തുക യഥാസമയം ചെലവഴിക്കുന്നില്ല | 3-9 |
| 17 | ബാലസഭാ പ്രവർത്തനം - സർക്കാർ അനുവദിച്ച പരിധിയിലധികം ചെലവഴിച്ച തുക അനുവദിക്കുന്നില്ല | 3-10 |
| 18 | കമ്പ്യൂട്ടർ പരിശീലനം നൽകിയത് - മാർഗ്ഗരേഖകൾക്ക് വിരുദ്ധം | 3-11 |
| 19 | സാക്ഷരതാ തുല്യതാ പരീക്ഷ – പഠനവും തൊഴിലും | 3-12 |
| 20 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി - രജിസ്റ്ററുകളുടേയും രേഖകളുടേയും അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു | 3-13 |
| 21 | സമഗ്ര നെൽകൃഷി - പാട്ടക്കർഷകർക്ക് ആനുകൂല്യം നൽകിയത് - രേഖകളിൽ സുതാര്യതയില്ല | 3-14 |
| 22 | കുടുംബശ്രീ ഗ്രൂപ്പുകൾക്ക് വാഴ കൃഷി | 3-15 |
| 23 | സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല | 3-16 |
| 24 | ആയുർവ്വേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ - ലഭ്യതാ രഹിത സാക്ഷ്യപത്രം വാങ്ങാതെ മരുന്നു വാങ്ങി | 3-17 |
| 25 | വിദേശത്ത് ജോലിക്കായി പോകുന്ന യുവാക്കൾക്ക് ധനസഹായം - രേഖകൾ ഹാജരാക്കിയില്ല | 3-18 |
| 26 | പൊതു ടാപ്പുകളുടെ വെള്ളക്കരം | 3-19 |

| | | |
|---|---|---|
| | - സംയുക്ത പരിശോധന നടത്തിയില്ല | |
| 27 | സാനിട്ടറി യൂണിറ്റ് നിർമ്മാണം - അധിക നിരക്കിൽ ആനുകൂല്യം നൽകി | 3-20 |
| 28 | എൽ.എസ്.ജി.ഡി. യിലേയ്ക്ക് പ്രിന്റർ, യു.പി.എസ്. - ചെലവ് രേഖയില്ല – തുക തടസ്സപ്പെടുത്തുന്നു | 3-21 |
| 29 | ചെലവ് പത്രിക – നടപ്പാക്കിയ എല്ലാ പ്രോജക്ടുകളുടേയും വിശദാംശം ഉൾപ്പെടുത്തിയില്ല | 3-22 |
| | ഭാഗം 4 | |
| 30 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 മുതൽ 4-9 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.3.2015 തിയതിയിലെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2016 | 22.7.2016 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 40014842

വരവ് - 43438182

ആകെ - 83453024

ചെലവ് - 70902507

നീക്കിയിരിപ്പ് - 12550517

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് ലഭിച്ചത് | അലോട്ട് മെന്റ് | അലോ ട്ട്മെന്റിൽ നിന്നും പിൻവലിച്ച തുക | ആകെ | ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയത് | ചെലവ് | നീക്കി യിരിപ്പ് | സർക്കാരി ലേക്ക് തിരിച്ചടച്ച തുക |
|---|---|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 3894447 | 8368531 | 10696906 | 1998481 | 14261459 | ----- | 14261459 | ----- | |
| വികസന ഫണ്ട് എസ്.സി.പി. | 7382556 | ----- | 10618999 | 6076477 | 13459033 | 3354593 | 10104440 | ----- | |
| വികസനഫണ്ട് ടി.എസ്.പി. | 447035 | ---- | 251000 | 116000 | 563035 | 327035 | 236000 | ----- | |
| സംരക്ഷണ ഗ്രാന്റ് റോഡ് | 5077027 | | 8126000 | 5241958 | 10318985 | 1287623 | 9031362 | ----- | |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 1292023 | 1287623 | 3804000 | 1017342 | 3596988 | ------ | 3596988 | ----- | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2127687 | -------- | 12367846 | 8181559 | 10309246 | 3348113 | 6961133 | ----- | |
| പെർഫോമൻസ് ഗ്രാന്റ് | 4676154 | ------ | 1338790 | 714188 | 5390349 | 1338790 | 4051552 | ------ | |
| എ.എൻ.ആർ. ഇ.ജി.എസ്. | 0 | | 10804946 + 744848 | | 11549794 | | 11541849 | 7945 | |
| ബി ഫണ്ട് | | | | | | | | | |

1-6പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 200 | 90245979 | 107 | 41582838 | 38 | 55 | 46.07% |

1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 15.72% കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5411150 | 4601744 | (-)809406 | (-)14.96% |
| നികുതിയേതര വരവുകൾ | 1032731 | 1018935 | (-)13796 | (-)1.3% |
| മറ്റുവരവുകൾ | 316335 | 77138 | (-)239197 | (-)75.6% |

| | | | | |
|---|---|---|---|---|
| ആകെ | 6760216 | 5697817 | (-)1062399 | (-)15.72% |

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 356160 | 386 |
| കർഷകതൊഴിലാളി പെൻഷൻ | 8595300 | 500 |
| വിധവാപെൻഷൻ | 13319960 | 500 |
| വാർദ്ധക്യകാലപെൻഷൻ | 17371590 | 500 |
| വികലാംഗപെൻഷൻ | 3819295 | 413 |
| അവിവാഹിത പെൻഷൻ | 945360 | 98 |
| വിവാഹധനസഹായം. | 450000 | 15 |
| ആകെ | 44857665 | 2412 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.11.16 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6834രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തര നിയന്ത്രണം

ഓഫീസ് പ്രവർത്തനം തൃപ്തികരമല്ല. ജീവനക്കാരുടെയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെയും പേര്, മേൽ വിലാസം എന്നിവ അടങ്ങിയ ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വിവിധ ഡിമാന്റ് രജിസ്റ്ററുകൾ, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ജീവനക്കാർ സ്ഥലം മാറി വരുമ്പോൾ രേഖകൾ കൈമാറുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.10.16 | 9/16 | 16.11.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 6.2.13 - 23.2.13 | 07-08 to 11-12 | 2.4.13 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി ഈടാക്കുന്നതിലെ ഉദാസീനത - പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ ചോർച്ചയുണ്ടാകുന്നു

ഗ്രാമ പഞ്ചായത്തിന്റെ തനതു വരുമാന സ്രോതസ്സുകളിൽ ഏറ്റവും മുഖ്യമായിട്ടുള്ളത് വസ്തു നികുതി വരുമാനമാണ്. എന്നാൽ വസ്തു നികുതി ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ ഫലപ്രദമായി നടപ്പാക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ നൽകുന്നില്ല. വസ്തു നികുതി സംബന്ധിച്ചുള്ള ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, ഡി.സി.ബി സ്റ്റേറ്റ്മെന്റ് എന്നിവ തയ്യാറാക്കി സൂക്ഷിയ്ക്കുന്നില്ല. വസ്തു നികുതി സോഫ്റ്റ് വെയറായ 'സഞ്ചയ' യിൽ നികുതിദായകരുടെ പേരു വിവരങ്ങൾ, കെട്ടിടങ്ങളുടെ വിവരങ്ങൾ, ചുമത്തിയിട്ടുള്ള നികുതി, ഈടാക്കിയതും ഈടാക്കാൻ ബാക്കി നിൽക്കുന്നതുമായ നികുതി തുടങ്ങിയ വിവരങ്ങൾ മുഴുവനും ഉൾപ്പെടുത്തി അപ്ഡേറ്റ് ചെയ്തിട്ടില്ല. സർക്കാർ നിർദ്ദേശ പ്രകാരം, വസ്തു നികുതി സംബന്ധിച്ചുള്ള വിവരങ്ങൾ പൂർണ്ണമായും ചേർക്കുന്നതു വരെ ഇതു സംബന്ധിച്ചുള്ള രജിസ്റ്ററുകൾ മാനവലായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെടുന്നില്ല. ആയതിനാൽ നികുതിദായകർ ആരൊക്കെ, എത്ര പേർ നികുതി ഒടുക്കി, ഇനി ആരിൽ നിന്നും നികുതി ഈടാക്കാനുണ്ട് തുടങ്ങിയ വിവരങ്ങൾ കൃത്യമായി അറിയാൻ കഴിയാത്ത സ്ഥിതിയാണ്. കൂടാതെ നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തിയിട്ടുള്ള സംഗതിയിൽ പ്രസ്തുത കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയം നടത്തിയിട്ടുണ്ടോയെന്ന് ഉറപ്പാക്കാനും കഴിയുന്നില്ല. ഗ്രാമ പഞ്ചായത്തിൽ ഔട്ട് ഡോർ കളക്ഷൻ നടത്തുന്നതിനായി നാല് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടെങ്കിലും ഇവർ ഈ ഉത്തരവാദിത്തം നിർവ്വഹിച്ചിട്ടില്ല. 15-16വർഷം ക്യാമ്പ്കളക്ഷൻ ഒഴികെ വാർഡുതല നികുതിശേഖരണം അവർ നടത്തിയിട്ടില്ല. പഞ്ചായത്തിൽ സ്വമേധയാ കരം ഒടുക്കുവാൻ വരുന്നവരിൽ നിന്നും മുൻ വർഷം കരമൊടുക്കിയ രസീതിന്റെ അടിസ്ഥാനത്തിൽ നികുതി സ്വീകരിക്കുന്ന രീതിയാണ് പിന്തുടർന്ന് പോരുന്നത്.

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിലും യഥാവിധി രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. നിർമ്മാണ പെർമിറ്റ് നൽകിയവയിൽ നിശ്ചിത കാലയളവിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കിയവയുടെ വിവരങ്ങൾ, നിർമ്മാണം പൂർത്തിയാക്കിയശേഷം നികുതി നിർണ്ണയം ചെയ്യപ്പെട്ടവയുടെ വിവരങ്ങൾ എന്നിവ കൃത്യമായി രേഖപ്പെടുത്തപ്പെടുന്നില്ല. ഓഡിറ്റ് നടത്തിയ പ്രാദേശികാന്വേഷണത്തിൽ ഇപ്രകാരം പൂർത്തീകരണശേഷം നികുതി നിർണ്ണയം നടത്താത്ത കെട്ടിടങ്ങൾ ഗ്രാമ പഞ്ചായത്ത് ഓഫീസിന് സമീപസ്ഥമായിത്തന്നെ ഉള്ളതായി കണ്ടെത്തുകയുണ്ടായി. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. ചെട്ടികുളങ്ങര ദേവീക്ഷേത്രത്തിന് അനുബന്ധമായിട്ടുള്ള 'അമ്മ ഓഡിറ്റോറിയം, തിടപ്പള്ളി.

2. ദിവ്യ ഓഡിറ്റോറിയവുമായി ബന്ധപ്പെട്ട കെട്ടിടം.

ഗ്രാമ പഞ്ചായത്ത് ഈടാക്കേണ്ട വസ്തു നികുതി യഥാസമയം കൃത്യമായി നിർണ്ണയിച്ച് ഈടാക്കപ്പെടുന്നുണ്ടെന്നും നികുതി ചോർച്ച ഉണ്ടാകുന്നില്ലെന്നും ഉറപ്പു വരുത്തുവാൻ ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നതിന് ഭരണ വകുപ്പിന്റെ ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 2-2 പരസ്യ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്ത് ഇതുവരെ പരസ്യ നികുതി ഈടാക്കിന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. തിരുവല്ല – കായംകുളം സംസ്ഥാന പാത കടന്നു പോകുന്നതും പ്രസിദ്ധമായതും ഭക്തജനത്തിരക്കേറിയതുമായ ചെട്ടികുളങ്ങര ദേവീക്ഷേത്രം സ്ഥിതി ചെയ്യുന്നതുമായ പ്രദേശങ്ങൾ ഈ ഗ്രാമപ്പഞ്ചായത്തിൽ ഉൾപ്പെടുന്നു. സ്വാഭാവികമായും അനേകം പരസ്യപ്പലകകളും ഹോർഡിംഗുകളും ചുവർ പരസ്യങ്ങളും പഞ്ചായത്ത് അതിർത്തിക്കുള്ളിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഇപ്രകാരം പരസ്യങ്ങൾ സ്ഥാപിച്ചവരിൽ നിന്നും നികുതി ഈടാക്കാനുള്ള നടപടികളൊന്നും തന്നെ പഞ്ചായത്ത് ഇതുവരെ സ്വീകരിച്ചതായി കാണുന്നില്ല. പഞ്ചായത്തിന് പരസ്യ നികുതി സ്വയം ഈടാക്കുകയോ നികുതി പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്യുകയോ ചെയ്യാവുന്നതാണ്. പക്ഷെ പരസ്യ നികുതി ഈടാക്കുന്നതിനായിട്ടുള്ള 'ബൈലോ' പഞ്ചായത്ത് ഇതുവരെ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. ലഭ്യമായ നികുതി വരുമാനം നഷ്ടപ്പെടുവാൻ ഇടവരുത്താതെ തനതു വരുമാനം വർദ്ധിപ്പിക്കുവാൻ ഉതകുന്ന നടപടികൾ ഉടൻ തന്നെ സ്വീകരിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി

I. ഗ്രാമ പഞ്ചായത്ത് പരിധിക്കുള്ളിൽ ഒരു അർദ്ധ വർഷം അറുപത് ദിവസത്തിൽ കുറയാതെ ജോലി ചെയ്തിട്ടുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ 2015 – 16 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകളുടെ പരിശോധനയിൽ താഴെ പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടിക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര്/തസ്തിക | സ്ഥാപനത്തിന്റെ പേര് | ഏത് അർദ്ധവർഷം | ശമ്പളപത്രിക പ്രകാരം നികുതി കണക്കാവുന്ന ശമ്പളം | ഈടാക്കാവുന്ന നികുതി | റിമാർക്സ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | ശ്രീലത.എൽ, യു.പി.എസ്.എ | കൈത സൗത്ത് എൽ.പി.എസ്. | ഒന്ന് | 1,46,368രൂ. | രൂ.1250/- | 12.08.2015ൽ സ്ഥലം മാറ്റത്തെ തുടർന്ന് റിലീവ് ചെയ്തു. |
| 2 | രേഷ്മ മജീദ്, എൽ.പി.എസ്.എ | ഗവ.എൽ.പിഎസ്,പേള | -ടി- | 1,04,816 രൂ. | രൂ.1000/- | 28.03.2015 മുതൽ 27.7.15 വരെ ജോലിചെയ്തു ശേഷം ജി.എൽ.പി.എസ്, കുട്ടമംഗലത്തേക്ക് സ്ഥലം മാറിപ്പോയി |
| 3 | ബീന ബെൻ.ബി, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ | വെറ്ററിനറി ഡിസ്പെൻസറി | രണ്ട് | 90,759രൂ. | രൂ.750/- | വെറ്ററിനറി സബ് സെന്റർ, ആലായ്ക്ക് സ്ഥലം മാറി. (തീയതി രേഖപ്പെടുത്തിയിട്ടില്ല) |

ടി ജീവനക്കാർ പ്രസ്തുത കാലയളവിലെ തൊഴിൽക്കരം മറ്റേതെങ്കിലും തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഒടുക്കിയിട്ടുള്ളതായും രേഖയില്ല. ഇപ്രകാരം ഈടാക്കിയിട്ടില്ല എങ്കിൽ ഇവരിൽ നിന്നും നികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തനം നടത്തിവരുന്ന കള്ളുഷാപ്പുകളിലെ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഇവരിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട തൊഴിൽ നികുതി പിഴ പലിശ സഹിതം ഈടാക്കേണ്ടതാണ്.

II. ഗ്രാമ പഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന താഴെപറയുന്ന സ്ഥാപനങ്ങളിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലും ഈടാക്കാവുന്ന സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

1) പെരിങ്ങാല സർവീസ് കോപ്പറേറ്റീവ് ബാങ്ക് 2) എച്ച്.ഡി.എഫ്.സി ബാങ്ക്, ചെട്ടികുളങ്ങര 3) മുത്തൂറ്റ് ഫിൻ കോർപ്പ് ലിമിറ്റഡ്, ചെട്ടികുളങ്ങര 4) മുത്തൂറ്റ് ഫിനാൻസ്, കരിപ്പുഴ 5) ചെമ്മണ്ണൂർ ക്രഡിറ്റ്സ്& ഇൻവെസ്റ്റ്(ലി), ചെട്ടികുളങ്ങര 6) മുത്തൂറ്റ്ഫിൻകോർപ്പ് (ലി), കരിപ്പുഴ 7) മുത്തൂറ്റ്ഫിനാൻസ് (ലി), ചെട്ടികുളങ്ങര 8) മാവേലിക്കര സർവീസ് കോപ്പറേറ്റീവ് ബാങ്ക് (ലി), ചെട്ടികുളങ്ങര 9)കൊശമറ്റം ഫിനാൻസ് (ലി), ചെട്ടികുളങ്ങര 10)ഫെഡറൽ ബാങ്ക്, ചെട്ടികുളങ്ങര11) പോപ്പുലർ ഫിനാൻസ് (ലി), ചെട്ടികുളങ്ങര 12)മേനാമ്പള്ളി സർവീസ്സ് സഹകരണ ബാങ്ക്,ചെട്ടികുളങ്ങര 13) കെഎസ്.എഫ്.ഇ, ചെട്ടികുളങ്ങര, 14) എസ്.ബി.റ്റി,കരിപ്പുഴ15) എസ്.ബി.റ്റി, ചെട്ടികുളങ്ങര 16) ഐ.ഒ.ബി, ചെട്ടികുളങ്ങര 17) ഫെഡറൽ ബാങ്ക്, ചെട്ടികുളങ്ങര18) ജില്ലാ സഹകരണ ബാങ്ക്, ചെട്ടികുളങ്ങര 19) രാജലക്ഷ്മി ഫിനാൻസ്, ചെട്ടികുളങ്ങര 20) യോഗക്ഷേമം ലോൺസ്, ചെട്ടികുളങ്ങര.

മേൽപ്പറഞ്ഞിട്ടുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പരമാവധി തുകയായ 1250/- രൂപ വീതം ഓരോ അർദ്ധവർഷവും സ്ഥാപന തൊഴിൽ നികുതിയായി ഈടാക്കാവുന്നതാകയാൽ പിഴപ്പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഇളവു നൽകൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല

വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഇളവ് നൽകുന്നത് സംബന്ധിച്ചുള്ള സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 242/2013 ത.സ്വ.ഭ.വ. തീയതി,02.07.2013 – ലെ നിർദ്ദേശങ്ങൾ പ്രകാരം വിമുക്ത ഭടൻമാരുടെ, തറ വിസ്തീർണ്ണം 2000 ചതുരശ്ര അടിയിൽ കവിയാത്ത വീടിനു മാത്രമേ ഇളവ് ലഭിക്കുന്നതിനുള്ള അർഹതയുള്ളൂ. നികുതി ഇളവ് ലഭിക്കുന്നതിനായുള്ള അപേക്ഷകൾ എല്ലാ വർഷവും ഏപ്രിൽ 10-നു മുൻപായി സമർപ്പിക്കേണ്ടതുണ്ട്. അപേക്ഷയോടൊപ്പം തങ്ങളുടെ ഉടമസ്ഥതയിലുള്ള മറ്റൊരു കെട്ടിടത്തിനും ഇപ്രകാരമുള്ള ഇളവ് ലഭിക്കുന്നില്ല എന്ന സാക്ഷ്യ പത്രവും അപേക്ഷകർ സമർപ്പിക്കേണ്ടതാണ്. നികുതി ഇളവ് സംബന്ധിച്ചുള്ള പ്രത്യേക രജിസ്റ്റർ സൂക്ഷിക്കണം. ഓഡിറ്റിന്റെ പരിശോധനയിൽ, പഞ്ചായത്തിൽ ഇപ്രകാരമുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല എന്ന് കാണുന്നു. കൂടാതെ അപേക്ഷകളോടൊപ്പം മേൽ സൂചിപ്പിച്ച സാക്ഷ്യ പത്രങ്ങൾ സമർപ്പിക്കപ്പെടുന്നില്ല എന്നും കാണുന്നു. സമർപ്പിക്കപ്പെട്ട അപേക്ഷകളിൻമേൽ അന്വേഷണം നടത്തി ഉദ്യോഗസ്ഥർ നൽകേണ്ട അന്വേഷണ റിപ്പോർട്ടും ലഭ്യമായിരുന്നില്ല.

മേലിൽ ഇത്തരം അപാകതകൾ പരിഹരിച്ച്, സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചു തന്നെ ഇളവ് നൽകുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ഡി & ഒ ലൈസൻസ് ഫീസ്

ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിക്കുള്ളിൽ വ്യാപാരം നടത്തുന്നവരുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഇതിനാൽ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ വ്യാപാരം നടത്തുന്നവരിൽ ആരൊക്കെ ലൈസൻസ് നേടിയിട്ടുണ്ട്, ആരൊക്കെ അനധികൃത വ്യാപാരം നടത്തുന്നു എന്ന് കൃത്യമായ വിവരങ്ങൾ പഞ്ചായത്തിന് ലഭ്യമാകുന്നില്ല. ഗ്രാമ പഞ്ചായത്ത് 2015- 16 വർഷത്തിൽ 295 പേർക്ക് ഡി&ഒ ലൈസൻസ് നൽകിയിട്ടുണ്ട്. ഇവരിൽ 65 പേർ മാത്രമാണ് സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപായി ലൈസൻസിനായി അപേക്ഷ നൽകിയിട്ടുള്ളത്. യഥാസമയം ലൈസൻസ് പുതുക്കാത്തവർക്ക് ലൈസൻസ് പുതുക്കി നൽകിയപ്പോൾ നിയമാനുസൃതമായി അധിക ഫീസ് ചുമത്തിയിട്ടില്ല. നിയമ പ്രകാരം പിഴയായി ഇരുപത്തഞ്ച് ശതമാനം വരെ അധിക ഫീസ് ചുമത്താവുന്നതായതിനാൽ വൈകി മാത്രം ലൈസൻസ് നേടിയവരിൽ നിന്നും ഇപ്രകാരം തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമായും തയ്യാറാക്കി സൂക്ഷിക്കേണ്ടതും എല്ലാ വ്യാപാരികളും ലൈസൻസ് നേടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-6 ലക്ഷങ്ങൾ ബാങ്ക് അക്കൗണ്ടിൽ നിഷ്ക്രിയമായി അവശേഷിക്കുന്നു

വിവിധ ബാങ്ക് അക്കൗണ്ടുകളിൽ തുക നിഷ്ക്രിയമായി അവശേഷിക്കുന്നു. തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബാങ്ക് അക്കൗണ്ട് നമ്പർ | തുക |
|---|---|---|
| എം.എൻ.ലക്ഷംവീട് | 11/01-52 | 533500/- (21.7.2016 തീയതിയിലെ ബാലൻസ്) |
| പൈക്ക | 67190662015 | 588207 (25.10.2016 തീയതിയിലെ ബാലൻസ്) |

എം.എൻ. ലക്ഷം വീട് നിർമ്മാണത്തിനായി ലഭിച്ച തുകയിൽ ചെലവഴിക്കാൻ തുക സർക്കാരിൽ അറിയിച്ച് ഭവന നിർമ്മാണ ആവശ്യങ്ങൾക്കായി ചെലവഴിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരികെ അതേ ഹെഡ്ഡിലേക്ക് തിരികെ അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പൈക്ക പദ്ധതി നടപ്പാക്കുന്നതിനായി ലഭിച്ച തുകയിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ചെലവഴിക്കാതിരുന്നതിന് വിശദീകരണം ലഭ്യമായിട്ടില്ല. തുക ചെലവഴിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഫില്ലിങ്ങിന് ടേപ്പ് മെഷർമെന്റ് പ്രകാരമുള്ള അളവുകളിൽ നിന്നും നിയമാനുസൃത കുറവ് വരുത്താതെ തുക അനുവദിച്ചത് വഴി 1.18 ലക്ഷം രൂപയുടെ അധികച്ചെലവ്

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം നടപ്പാക്കിയ വിവിധ മരാമത്ത് വേലകളിൽ ഉൾപ്പെടുത്തി നടത്തിയ 300m$^3$ ൽ താഴെയുള്ള ഫില്ലിങ്ങിന് പ്രീമെഷർമെൻറ് പ്രകാരമുള്ള അളവുകൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്. ടേപ്പ് മെഷർമെൻറ് നടത്തി ഇപ്രകാരം തുക അനുവദിച്ചപ്പോൾ ഫില്ലിങ്ങ് നടത്തിയ അളവിൽ നിന്നും 10% കുറവ് വരുത്താതെയാണ് കരാറുകാർക്ക് തുക നൽകിയിട്ടുള്ളത്. G.O(P)13/2012/PWD/01-02-12 പ്രകാരമുള്ള പുതുക്കിയ പൊതുമരാമത്ത് മാന്വലിന്റെ സെക്ഷൻ 2019 അനുസരിച്ച് ടേപ്പ് മെഷർമെന്റ് അളവിൽ നിന്നും 10% കുറവ് വരുത്തി മാത്രമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. പ്രസ്തുത നിർദ്ദേശം പാലിക്കാതിരുന്നത് വഴി കരാറുകാരന് അധികം നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രോജക്ടിന്റെ പേരും നമ്പരും | എസ്റ്റിമേറ്റ് | കരാറു കാരന്റെ പേരും നിരക്കും | ഫില്ലിങ്ങ് നടത്തിയ അളവ് | തുക നൽകുന്ന തിലേക്കായി പരിഗണിച്ച അളവ് | തുക നൽകേണ്ടിരുന്ന അളവ് | ഫില്ലിങ്ങി നായി അനുവദിച്ച തുക @800.15/$m^3$ | ഫില്ലിംഗിനായി അനുവദിക്കേണ്ടിരുന്ന തുക | അധികം നല്കിയ തുക | അളവ് പുസ്തക നം | ബിൽ നം |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ഇളംപള്ളി മുക്ക് മുതൽ രമ്യാ ഭവനം മുക്ക് വരെ റോഡ് മെറ്റലിംഗ് 125/16 | 4745000 | സണ്ണി തോമസ് (8.1 % കുറവ്) | 239.55$m^3$ | 237$m^3$ | 216$m^3$ | 174275 | 158833 | 15442 | 713/16 | 32/15-16 18.3.16 |
| 2 | പുല്ലംമ്പള്ളി മുക്ക് മുതൽ കരോലിൽ കോളനി വരെ മെറ്റലിംഗ് 132/16 | 270207 | ജിതിൻ മോഹൻ (0.1 %കുറവ്) | 108.715$m^3$ | 108.6 $m^3$ | 98$m^3$ | 86809 | 78336 | 8473 | 743/16 | 36/15-16 18.3.16 |
| 3 | തയ്യിൽ മുക്ക് മുതൽ തുപ്പൻകുളങ്ങര വരെ മെറ്റലിംഗ് 131/16 | 590579 | ജിതിൻ മോഹൻ (1.75 %കുറവ്) | 231.635$m^3$ | 226.46 $m^3$ | 208.5$m^3$ | 178031 | 163912 | 14119 | 561/14-15 623/14-15 | 14/15-16 30.12.15 |
| 4 | പേരൂര്മുക്ക് മുതൽ ഇടത്തറ കളീക്കൽ മുക്ക് വരെ റോഡ് മെറ്റലിംഗ് 133/16 | 696000 | സോമ ശേഖരൻ (12.15 % കുറവ്) | 169.282$m^3$ | 164.757$m^3$ | 152.4$m^3$ | 115813 | 107127 | 8686 | 699/15 | 22/15-16 19.02.16 |
| 5 | കൊട്ടക്കാട്ട് മുക്ക് മുതൽ ഈരേഴകുളം വരെ പുനരുദ്ധാരണം 93/16 | 785000 | അരുൺ സോമൻ (13.8% കുറവ്) | 52.015$m^3$ | 52.015$m^3$ | 46.89$m^3$ | 35876 | 32279 | 3597 | 618/14-15 | 45/15-16 30.3.16 |
| 6 | കൊട്ടാരം പറമ്പിൽ മുക്ക് മുതൽ ഒട്ടലിൽ മുക്ക് വരെ റോഡ് മെറ്റലിംഗ് 122/16 | 215000 | അജയ് അശോക് (0.1 % കുറവ്) | 76.92$m^3$ | 76.92 $m^3$ | 69.23$m^3$ | 61486 | 55339 | 6147 | 716/16 | 20/15-16 19.2.16 |
| 7 | ഒതളപ്പഴപ്പാലം മുതൽ കൊക്കാട്ട് മുക്ക് വരെ റോഡ് മെറ്റലിംഗ് 135/16 | 670454 | അജയ് അശോക് (1.75 % കുറവ്) | 191.935$m^3$ | 191$m^3$ | 172.74$m^3$ | 150154 | 135799 | 14355 | 696/15-16 709/15-16 | ചെക്ക്നം. 982168 27.1.16 |
| 8 | അൻപൊലിക്കളം മുതൽ പുഞ്ചക്കാലവരെ റോഡ് ടാറിങ്ങ് 116/16 | 634500 | സോമ ശേഖരൻ (10.05 % കുറവ്) | 75.74$m^3$ | 73.82$m^3$ | 68.17$m^3$ | 53131 | 49064 | 4067 | 784/15-16 698/15 | 47/15-16 30.3.16 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 9 | ഉഴത്താല മുക്ക് മുതൽ ഉണ്ണിച്ചിരേത്ത് മുക്ക് വരെ മെറ്റലിംഗ് 103/16 | 463000 | സോമ ശേഖരൻ (10.51 % കുറവ്) | 203.74m$^3$ | 199.5m$^3$ | 183.34m$^3$ | 142853 | 131281 | 11572 | 712/15-16 697/15 | ചെക്ക് നം. 982167 27.1.16 |
| 10 | ചുള്ളൂർ മുക്ക് മുതൽ പുഞ്ച വരെ ടാറിങ്ങ് 120/16 | 541644 | സോമ ശേഖരൻ (10.1% കുറവ്) | 117.254m$^3$ | 117.254m$^3$ | 105.53m$^3$ | 84345 | 75911 | 8434 | 754/16 | 54/15-16 31.3.16 |
| 11 | കൊച്ചു കോയിക്കൽ മുക്ക് മുതൽപുത്തവിള മുക്ക് വരെ റോഡ് മെറ്റലിംഗ് 130/16 | 264000 | ജിതിൻ മോഹൻ (0.1 % കുറവ്) | 79.966m$^3$ | 76.5m$^3$ | 71.97m$^3$ | 61150 | 57529 | 3621 | 742/16 | 35/15-16 18.3.16 |
| 12 | മംഗലശ്ശേരി മുക്ക് മുതൽ കൊപ്പാറകിഴക്കേ മുക്ക് വരെ മെറ്റലിംഗ് ടാറിങ്ങ് 102/16 | 631000 | അജയ് അശോക് (0.01 % കുറവ്) | 183.7m$^3$ | 182.5m$^3$ | 165.3m$^3$ | 146013 | 132252 | 13761 | 719/16 | ചെക്ക് നം. 982179 4.3.16 |
| 13 | കൊച്ചു വീട്ടിൽ മുക്ക് മുതൽ പന്തപ്ലാവിൽ മുക്ക് വരെ പുനരുദ്ധാരണം 94/16 | 520000 | അജയ് അശോക് (0.01 % കുറവ്) | 105.35m$^3$ | 101.35m$^3$ | 94.8m$^3$ | 81087 | 75847 | 5360 | 751/16 | 57/15-16 31.3.16 |
| | | | | | | | | | 117514 | | |

മുകളിൽ പ്രതിപാദിച്ച അപാകതയിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/21-11-16) ചീഫ് എഞ്ചിനീയറുടെ 21/08/2014 ലെ 1225/എസി.2/11/LSGD നമ്പർ ഉത്തരവിൽ ഫില്ലിങ്ങ് നടത്തുമ്പോൾ ലെയർബൈ ലെയർ ആയി കൺസോളിഡേറ്റ് ചെയ്യുന്ന സംഗതിയിൽ ഷ്രിങ്കേജിനത്തിൽ കുറവൊന്നും വരുത്തേണ്ടതില്ല എന്ന് നിർദ്ദേശമുണ്ടായിരുന്നതിനാലാണ് ഇപ്രകാരം തുക അനുവദിച്ചതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എൻജിനിയർ മറുപടി നൽകി. എന്നാൽ ലെവൽസ് എടുത്തല്ല പേയ്മെൻറ് നടത്തിയത് എന്നതിനാലും ടേപ്പ് മെഷർമെന്റിന്റെ അടിസ്ഥാനത്തിൽ പ്രീ-മെഷർമെൻറ് ചെയ്ത അളവുകൾക്കാണ് തുക അനുവദിച്ചതെന്നതിനാലും എൻജിനീയറുടെ മറുപടി അംഗീകരിക്കുന്നില്ല. കൂടാതെ ടിയാൾ നടപ്പാക്കിയ പലവർക്കുകളിലും ഇപ്രകാരം കുറവ് വരുത്തിയിട്ടുണ്ട്.

ഉദാ: (1) കിഴക്കേമറ്റം കനാൽ റോഡ് ടാറിങ്ങ് (പ്രോജക്ട് നം.189/15)

(2) കൊയ്പ്പള്ളിമുക്ക് മുതൽ കോയിക്കൽ കോളനി വരെ റോഡ് ടാറിംഗ് (പ്രോജക്ട് നം.197/15)

ഒരേ കാലയളവിൽ നടപ്പാക്കിയ ഏതാനും പ്രവൃത്തികളിൽ നിന്നുമാത്രം നിയമനുസൃതകുറവ് വരുത്തുകയും, മറ്റ് പ്രവൃത്തികൾക്ക് ടേപ്പ് മെഷർമെൻറ് പ്രകാരമുള്ള അളവിൽ നിന്നും 10% കുറവ് വരുത്താതെ കരാറുകാർക്ക് തുക അനുവദിച്ച് നൽകുകയും ചെയ്ത നടപടി ക്രമപ്രകാരമല്ല. ആകയാൽ മുകളിൽ പ്രതിപാദിച്ച 13 വർക്കുകളിൽ ഉൾപ്പെടുത്തി നടത്തിയ ഫില്ലിങ്ങിന് ക്രമ വിരുദ്ധമായി അനുവദിച്ച 117514/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക കരാറുകാരിൽനിന്നും ഈടാക്കാത്ത പക്ഷം അധികചെലവിന് ഉത്തരവാദിയായ എൻജിനിയറിൽ നിന്നും ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്.

## 3-2 എഗ്രിമെന്റ് പ്രകാരമുള്ള പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും വർക്കുകൾ ആരംഭിച്ചിട്ടില്ല

പഞ്ചായത്തിൽ 2015-16 വർഷം തയ്യാറാക്കി അംഗീകാരം വാങ്ങിയ താഴെപ്പറയുന്ന വർക്കുകളുടെ നിർവ്വഹണം എഗ്രിമെന്റ് വച്ച് കരാറുകാരെ ഏൽപ്പിച്ചുവെങ്കിലും നാളിതുവരെ (11/2016) ഈ പദ്ധതികൾ ആരംഭിച്ചിട്ടില്ല.

| ക്രമ നം. | പ്രോജക്ടിന്റെ പേരും നമ്പരും | എസ്റ്റിമേറ്റ് തുക | കരാറുകാരന്റെ പേരും നിരക്കും | എഗ്രമെന്റ് നം./തീയതി | വർക്ക് പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി |
|---|---|---|---|---|---|
| 1 | പൊതു ശ്മശാനം- ചുറ്റുമതിൽ നിർമ്മാണം 218/16 | 100000 | സണ്ണി തോമസ് (0.01% കുറവ്) | 40/15-16/ 18.09.15 | 17.01.16 |
| 2 | ചെന്നലത്ത് കോളനി ഫുട്പാത്ത് കോൺക്രീറ്റിംഗ് 87/16 | 241000 | അജയ് അശോക് (0.1% കുറവ്) | 36/15-16/ 11.09.15 | 10.01.16 |
| 3 | ആച്ചംവാതുക്കൽ കോളനി ഫുട്പാത്ത് കോൺക്രീറ്റിംഗ് 88/16 | 98000 | സണ്ണി തോമസ് (0.1% കുറവ്) | 39/15-16 18.09.15 | 17.01.16 |

പൂർത്തീകരണ കാലാവധി അവസാനിച്ചിട്ടും വർക്കുകൾ നടത്തുന്നതിന് യാതൊരുവിധ നടപടികളും സ്വീകരിക്കാത്തതിനാൽ ഈ വിഷയത്തിൽ 7ദിവസത്തിനകം വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് അസിസ്റ്റന്റ് എൻജിനീയർ കരാറുകാർക്ക് നൽകിയ തീയതി രേഖപ്പെടുത്താത്ത കത്തിന്റെ പകർപ്പ് ഫയലിൽ ഉണ്ട്. എന്നാൽ കരാറുകാർ ഇതു സംബന്ധമായി മറുപടി സമർപ്പിച്ചതായി രേഖയില്ല. എഗ്രിമെന്റ് ലംഘനം നടത്തിയ കരാറുകാർക്കെതിരെ പഞ്ചായത്ത് എന്തെങ്കിലും നടപടി സ്വീകരിക്കുകയോ, അവരുടെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പുന ക്രമീകരിക്കുകയോ ചെയ്തിട്ടില്ല.

മുകളിൽ പ്രതിപാദിച്ച ക്രമനം. 2 പ്രകാരമുള്ള വർക്കിന് 8.1%കുറഞ്ഞ നിരക്കിലും, ക്രമനം.3 പ്രകാരമുള്ള വർക്കിന് 6.3%കുറഞ്ഞ നിരക്കിലും ശ്രീ.സുരേഷ് ബാബു എന്ന കരാറുകാരൻ 16.07.15ൽ ടെൻഡറുകൾ സമർപ്പിച്ചിരുന്നു. എന്നാൽ അന്നേ തീയതിയിൽ കൂടിയ പഞ്ചായത്തു കമ്മിറ്റി സിംഗിൾ ടെൻഡർ എന്ന കാരണത്താൽ ശ്രീ.സുരേഷ് ബാബുവിന്റെ ടെൻഡറുകൾ തള്ളുകയും റീ-ടെൻഡർ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു. (തീരുമാനം I(ബി)). ഇപ്രകാരം റീ ടെൻഡർ ചെയ്താണ് പ്രവൃത്തികൾ ഉയർന്ന നിരക്കിൽ മുകളിൽ പ്രതിപാദിച്ച കരാറുകാരനെ ഏൽപ്പിച്ചത് (25.08.15 ലെ I(1) തീരുമാനം). 31.08.15 വരെ ലഭിക്കുന്ന എസ്റ്റിമേറ്റിനേക്കാൾ കുറഞ്ഞ നിരക്കിലുള്ള സിംഗിൾ ടെൻഡറുകൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അനുവദിച്ച് ചീഫ് എൻജിനീയറുടെ ഉത്തരവുണ്ടായിരിക്കെ (നം.DB3/753/12/CE /തസ്വഭവ/28.07.15) ആയത് പരിഗണിക്കാതെയാണ് വർക്കുകൾ റീ ടെൻഡർ ചെയ്ത് ഉയർന്ന നിരക്കിൽ മേൽ പരാമർശിച്ച കരാറുകാരെ നിർവ്വഹണ ചുമതല ഏൽപ്പിച്ചത്. എന്നാൽ വർക്ക് ഏറ്റെടുത്ത കരാറുകാർ പൂർത്തീകരണ കാലാവധി അവസാനിച്ച് ഒരു വർഷത്തോളമായിട്ടും പ്രവൃത്തിയുടെ നിർവ്വഹണം ആരംഭിച്ചിട്ടില്ല. കരാർ ലംഘനം നടത്തിയ പ്രസ്തുത വ്യക്തികൾക്കെതിരെ യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടുമില്ല. ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/25.11.16) 'ചെന്നിലത്തു കോളനി ഫുട്പാത്ത് കോൺക്രീറ്റിംഗ്, അച്ചാംവാതുക്കൽ കോളനി ഫുട്പാത്ത് കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികൾ നാളിതുവരെ ആരംഭിക്കാത്തത് സൈറ്റിൽ ചില തർക്ക വിഷയങ്ങൾ ഉള്ളതിനാലാണെന്നും, പൊതുശ്മശാനം ചുറ്റുമതിൽ എന്ന പ്രവൃത്തിയിൽ മെറ്റീരിയൽസ് എത്തിക്കുന്നതിനുള്ള വഴിയുടെ അസൗകര്യം മൂലമാണ് വർക്ക് ആരംഭിക്കാത്തതെന്നും അസിസ്റ്റന്റ് എൻജിനിയർ മറുപടി നൽകി. എന്നാൽ മറുപടിയുടെ നിജസ്ഥിതി പരിശോധിക്കുന്നതിനാവശ്യമായ രേഖകളൊന്നും ഫയലിൽ ഇല്ല. ക്രമനം.(2), (3)വർക്കുകളിൽ സിംഗിൾ ടെൻഡർ സ്വീകരിക്കേണ്ടതില്ല എന്ന പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാന പ്രകാരമാണ് വർക്ക് റീ-ടെൻഡർ ചെയ്തതെന്നും അസിസ്റ്റന്റ് എൻജിനിയർ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

കുറഞ്ഞ നിരക്കിലുള്ള ടെൻഡറുകൾ ഒഴിവാക്കി വർക്കുകളുടെ നിർവ്വഹണം റീ-ടെൻഡർ വഴി ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരെ ഏൽപ്പിച്ചിട്ടും പ്രസ്തുത പ്രവൃത്തികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല എന്നതും ഇതിന്മേൽ അവർക്കെതിരെ

യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നതും പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നുമുള്ള വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ആകയാൽ മേൽപ്പറഞ്ഞ പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നതിലേയ്ക്ക് ഭരണ വിഭാഗത്തിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 മതിയായ കാരണങ്ങളില്ലാതെ കുറഞ്ഞ നിരക്കിലുള്ള ടെൻഡർ ഒഴിവാക്കി പ്രവൃത്തി നിർവ്വഹണം

ഗ്രാമപഞ്ചായത്തിലെ 3–ാം വാർഡിൽപ്പെട്ട മറ്റം തെക്ക് എൻ.എൻ.എസ് കരയോഗം മുതൽ മണിപ്പുര മുക്ക് വരെയുള്ള റോഡിന്റെ 226 മീറ്റർ ഭാഗം ഒന്നാംഘട്ട മെറ്റലിംഗിനായി 3,30,000/-രൂപ അടങ്കലിൽ തയ്യാറാക്കിയ പ്രോജക്ടിന് (178/15)2014-15 വർഷം അംഗീകാരം ലഭിച്ചിരുന്നു. വർക്കിന്റെ നിർവ്വഹണത്തിനായി ടെൻഡർ ക്ഷണിച്ചത് അനുസരിച്ച് 14/10/14 ൽ താഴെപ്പറയും പ്രകാരം 5 ടെൻഡറുകൾ ലഭിച്ചിട്ടുണ്ട്

| ക്രമ നം. | കരാറുകാരൻറെ പേര് | ടെൻഡറിൽ രേഖപ്പെടുത്തിയിരുന്ന നിരക്ക് |
|---|---|---|
| 1 | വിജയകുമാർ.കെ | 8 % കുറവ് |
| 2 | ജിതിൻമോഹൻ | 7.3 % കുറവ് |
| 3 | രമേശ്.എസ് | 6 % കുറവ് |
| 4 | സുനന്ദ്.എം | 10.1 % കുറവ് |
| 5 | വേണുരാജൻ.വി | 12.7 % കുറവ് |

കുറഞ്ഞ നിരക്ക് രേഖപ്പെടുത്തി ടെൻഡർ സമർപ്പിച്ചത് ശ്രീ.ബി.വേണുരാജൻ ആയിരുന്നു. എങ്കിലും വർക്കിന്റെ നിർമ്മാണം ശ്രീ.സുനന്ദിനെ ഏൽപ്പിച്ചതായാണ് രേഖ (പഞ്ചായത്ത് കമ്മിറ്റിയുടെ 17.10.14ലെ ഒന്നാം നമ്പർ തീരുമാനം) എന്നാൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ആളെ ഒഴിവാക്കിയതിനുള്ള കാരണം മിനിട്ടിസിൽ വ്യക്തമാക്കിയിട്ടില്ല. 31.03.15 ൽ പൂർത്തികരിച്ച ഈ വർക്കിന് 331913/-രൂപ മൂല്യനിർണ്ണയം നടത്തി ടെൻഡർ കുറവ് നികുതികൾ എന്നിവ കഴിച്ച് 280487/- താഴെപ്പറയുന്ന ചെക്കുകൾ പ്രകാരം കരാറുകാരന് നൽകിയിട്ടുണ്ട്

| ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|
| 836680 | 06.04.15 | 188669 |
| 839458 | 03.08.15 | 46051 |
| 839459 | 03.08.15 | 40000 |
| 838384 | 10.08.15 | 5767 |
| | ആകെ | 280487രൂപ |

കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരനെ ഒഴിവാക്കി വർക്കിന്റെ നിർവ്വഹണം നടത്തിയതിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/22.11.16) ശ്രീ.വേണുരാജൻ ടെൻഡറിനോടൊപ്പം സമർപ്പിച്ച ഇ.എം.ഡി പ്ലഡ്ജ് ചെയ്യാതിരുന്നത് മൂലമാണ് വർക്ക് ശ്രീ.എം.സുനന്ദിന് നൽകിയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എൻജിനിയർ മറുപടി നൽകി. എന്നാൽ പുതുക്കിയ പൊതുമരാമത്ത് മാന്വലിന്റെ സെക്ഷൻ 2009-2 പ്രകാരം ടെൻഡറിലെ നിസ്സാര തെറ്റുകൾ ടെൻഡർ തുറക്കുന്ന ഉദ്യോഗസ്ഥന് മാപ്പാക്കാനും അപാകത തിരുത്തിക്കാനും അധികാരമുണ്ട്. ഇതനുസരിച്ച് ഇ.എം.ഡി ഒറിജിനൽ ചലാൻ വെച്ചില്ലെങ്കിൽ പോലും കരാർ ഉറപ്പിക്കുന്നതിന് മുൻപായി ഒറിജിനൽ ഹാജരാക്കുന്ന പക്ഷം ടെൻഡർ നിരസിക്കാൻ പാടില്ല. എന്നാൽ ഇവിടെ ശ്രീ.വേണുഗോപാൽ ഇ.എം.ഡി ഇനത്തിൽ 8300/-രൂപയുടെ നാഷണൽ സേവിഗ്സ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിരുന്നതായും പിന്നീട് ഇവ റിലിസ് ചെയ്ത നൽകിയതായും ഇ.എം.ഡി രജിസ്റ്ററിൽ രേഖയുണ്ട്. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനിൽ നിന്നും ആവശ്യമായ സെക്യൂരിറ്റി ഡപ്പോസിറ്റും പെർഫോർമൻസ് ഗ്യാരൻറിയും ഈടാക്കി കരാർവെയ്പ്പിക്കാതെ, മതിയായ കാരണമില്ലാതെ ടിയാനെ ഒഴിവാക്കി വർക്കിന്റെ നിർവ്വഹണം നടത്തിയ നടപടിക്രമവിരുദ്ധമാണ്. തെറ്റായ ഈ നടപടി വഴി പഞ്ചായത്തിന് 8630രൂപ അധികച്ചെലവുണ്ടായിട്ടുണ്ട് (331913/-രൂപയുടെ 2.6%)ഈ തുക അധികച്ചെലവിന്

ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## 3-4 പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താത്പര്യം സംരക്ഷിക്കാതെ വർക്കിന്റെ നിർവ്വഹണം നടത്തുകമൂലം അധികച്ചെലവ്

ഗ്രാമപഞ്ചായത്തിന്റെ 1-ാം വാർഡിൽപ്പെട്ട 'പുതുശ്ശേരിമുക്ക് - മഠത്തിൽ മുക്ക് റോഡിന്റെ' ടാറിംഗിനായി 437000/-രൂപ അടങ്കലിൽ തയ്യാറാക്കിയ പദ്ധതിക്ക് 15-16വർഷം അംഗീകാരം ലഭിച്ചിരുന്നു (പ്രോജക്ട് നം.119/16). വർക്കിന്റെ നിർവ്വഹണത്തിനായി ടെൻഡർ ക്ഷണിച്ചതനുസരിച്ച് 18.07.15ൽ ശ്രീ.ഗോപിനാഥപിള്ള എന്ന കരാറുകാരൻ എസ്റ്റിമേറ്റിനേക്കാൾ 14.99% കുറഞ്ഞ നിരക്ക് രേഖപ്പെടുത്തി ടെൻഡർ സമർപ്പിച്ചിരുന്നു. എന്നാൽ സിംഗിൾ ടെൻഡർ മാത്രമേ ലഭിച്ചുള്ളൂ എന്ന കാരണം ചൂണ്ടിക്കാട്ടി 16.07.15ൽ കൂടിയ പഞ്ചായത്തു കമ്മിറ്റി വർക്ക് റീ-ടെൻഡർ ചെയ്യുവാൻ തീരുമാനിച്ചു (തീരുമാനം നം.I(ബി)). ആയതിന്റെ അടിസ്ഥാനത്തിൽ 16.08.15ൽ നടത്തിയ റീ-ടെൻഡറിൽ ലഭിച്ച 0.01% കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ.വിജയരാജൻ എന്നയാളുടെ സിംഗിൾ ടെൻഡർ അംഗീകരിച്ച് വർക്കിന്റെ നിർവ്വഹണം നടത്തിയതായാണ് രേഖ. 429313/-രൂപ മൂല്യനിർണ്ണയം നടത്തിയ ഈ വർക്കിന്റെ നികുതികൾ കഴിച്ച് ശേഷിച്ച 401764/-രൂപ കരാറുകാരന് നൽകിയിട്ടുണ്ട് (ബിൽ നം.56/31.03.16).

15.07.15ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ തീരുമാനപ്രകാരം (ഇനം 2-8) 31.8.15വരെ ലഭിക്കുന്ന എസ്റ്റിമേറ്റിനേക്കാൾ കുറഞ്ഞ നിരക്കിലുള്ള സിംഗിൾ ടെൻഡറുകൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അനുവദിച്ചുകൊണ്ട് ചീഫ് എൻജിനീയർ ഉത്തരവായിരുന്നു (ഉത്തരവ് നം.DB3/753/12/CE /തസ്വഭവ/ 28.07.15). ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചില വർക്കുകളുടെ 31.08.15നു മുൻപ് ലഭിച്ച സിംഗിൾ ടെൻഡർ അംഗീകരിച്ച് പഞ്ചായത്തിൽ വർക്ക് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

ഉദാ:- തറയിൽമുക്ക് - ചാങ്കുർമുക്ക് റോഡ് പുനരുദ്ധാരണം - പഞ്ചായത്തു കമ്മറ്റിയുടെ 05.08.15ലെ I(1) തീരുമാനപ്രകാരം സിംഗിൾ ടെൻഡർ അംഗീകരിച്ചു.

പുതുശ്ശേരിമുക്ക്-മഠത്തിൽ മുക്ക് റോഡിന്റെ ടാറിംഗിനായി റീ-ടെൻഡർ ക്ഷണിച്ചപ്പോഴും സിംഗിൾ ടെൻഡറാണ് ലഭിച്ചിട്ടുള്ളത്. ഈ വർക്കിനായി ആദ്യം വളരെ കുറഞ്ഞ നിരക്കിൽ ടെൻഡർ ലഭിച്ചിരിക്കെ ആയതു പരിഗണിക്കാതെയും നിർവ്വഹണത്തിന് മതിയായ സമയമുണ്ടായിട്ടും പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താത്പര്യം പരിഗണിച്ച് വിപുലമായ പരസ്യം നൽകി റീ-ടെൻഡർ ചെയ്യാതെയും വർക്കിന്റെ നിർവ്വഹണം നടത്തുകവഴി താഴെപ്പറയും പ്രകാരം 64311/-രൂപയുടെ നഷ്ടം പഞ്ചായത്തിന് ഉണ്ടായി.

ആദ്യ കരാറുകാരന് മുഖേന വർക്കിന്റെ നിർവ്വഹണം നടത്തിയിരുന്നുവെങ്കിൽ ടെൻഡർ കുറവ് ഇനത്തിൽ ഈടാക്കാമായിരുന്ന തുക- 429313ന്റെ 14.99%= 64354/-

വർക്കിന്റെ നിർവ്വഹണം നടത്തിയ കരാറുകാരനിൽ നിന്നും ടെൻഡർ കുറവ് ഇനത്തിൽ ഈടാക്കിയ തുക - 429313ന്റെ 0.01%= 43/-

അധികം ചെലവഴിക്കേണ്ടിവന്ന തുക - 64354-43 = 64311/-

ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/22.11.16) 16.07.15ൽ നടത്തിയ ടെൻഡർ നടപടികളിൽ സിംഗിൾ ടെൻഡർ മാത്രം ലഭിച്ചതിനാലാണ് റീ-ടെൻഡർ ചെയ്യുവാൻ പഞ്ചായത്തു കമ്മിറ്റി തീരുമാനിച്ചതെന്നും, റീ-ടെൻഡറിൽ ലഭിച്ച സിംഗിൾ ടെൻഡർ പഞ്ചായത്തു കമ്മറ്റി അംഗീകരിച്ചതിനാലാണ് ശ്രീ.വിജയരാജനെ വർക്കിന്റെ തീരുമാനം ഏൽപ്പിച്ചതെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജിനീയർ മറുപടി നൽകി.

എന്നാൽ ആദ്യം ലഭിച്ച ടെൻഡർ എസ്റ്റിമേറ്റിനേക്കാൾ വളരെകുറഞ്ഞ നിരക്കിലുള്ളതായിരുന്നു. 31.8.15വരെ ലഭിക്കുന്ന എസ്റ്റിമേറ്റിനേക്കാൾ കുറഞ്ഞ നിരക്കിലുള്ള സിംഗിൾ ടെൻഡർ അംഗീകരിച്ച് വർക്കിന്റെ നിർവ്വഹണം നടത്താൻ സർക്കാർ അനുമതിയും ഉണ്ടായിരുന്നു. ഈ ഉത്തരവനുസരിച്ച് പഞ്ചായത്തിൽ മറ്റു വർക്കുകളുടെ നിർവ്വഹണം നടത്തിയിട്ടുമുണ്ട്. ആയതിനാൽ ഉയർന്ന നിരക്കിൽ വർക്കിന്റെ നിർവ്വഹണം നടത്തിയതിന്മേൽ നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടി അംഗീകരിക്കത്തക്കതല്ല. മേൽക്കാരണത്താൽ ഈയിനത്തിൽ അധികച്ചെലവായ 64311/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ് - ഇല്ലാത്ത ഓർഡിനറി ബൾബുകളുടെ പേരിൽ അധിക നിരക്ക് അടക്കുന്നു

തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജിന്റെ താരിഫ് കാർഡ് പ്രകാരം 40w ന്റെ 881 ഓർഡിനറി ബൾബുകളും, 60w ന്റെ 135ഓർഡിനറി ബൾബുകളും,100w ന്റെ 1 ഓർഡിനറി ബൾബും 40w ന്റെ ഡബിൾ ട്യൂബ് സെറ്റ് 358 എണ്ണവും, 40w ന്റെ

സിങ്കിൾ ട്യൂബ് സെറ്റ് 942എണ്ണവും 250w ന്റെ സോഡിയം വേപ്പർ ലാമ്പ് 55എണ്ണവും ഇപ്പോഴും ഉപയോഗിക്കുന്നതായി രേഖപ്പെടുത്തി ചാർജ് ഈടാക്കുന്നുണ്ട്.

താരിഫ് കാർഡ് പ്രകാരം സി.എഫ്.എൽ ബൾബിന് 12 മണിക്കൂർ പ്രവർത്തിക്കുന്നതിന് പ്രതിമാസം വളരെ കുറഞ്ഞ ചാർജ് ഈടാക്കുമ്പോൾ ഓർഡിനറി ബൾബുകൾക്കും ഡബിൾ ട്യൂബ് സെറ്റും സിങ്കിൾ ട്യൂബ് സെറ്റും സോഡിയം വേപ്പർ ലാമ്പും പവറിന്റെ അടിസ്ഥാനത്തിൽ 12 മണിക്കൂർ പ്രവർത്തിക്കുന്നതിന് ഉയർന്ന നിരക്കാണ് ഒടുക്കേണ്ടി വരുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ലൈറ്റിന്റെ തരം | പവർ | എണ്ണം | റേറ്റ്--12hr-ഒരെണ്ണം/ മാസം | ആകെ |
|---|---|---|---|---|
| ഓർഡിനറി ബൾബ് | 40w | 881 | 61 | 53741 |
| -ടി- | 60w | 135 | 94 | 12690 |
| -ടി- | 100w | 1 | 155 | 155 |
| ഫ്ലൂറസെന്റ് ട്യൂബ് (ഡബിൾ) | 2x40w | 358 | 124 | 44392 |
| ഫ്ലൂറസെന്റ് ട്യൂബ് (സിങ്കിൾ) | 1x40w | 942 | 61 | 57642 |
| സോഡിയം വേപ്പർ ലാമ്പ് | 250w | 55 | 414 | 22770 |
| സി.എഫ്.എൽ | 1x11 | 78 | 7 | 546 |
| സി.എഫ്.എൽ | 2x11 | 704 | 14 | 9856 |
| സി.എഫ്.എൽ | 2x36 | 14 | 45 | 630 |
| ആകെ | | | | 202242 |

മേൽ കാണിച്ച 1017 ഓർഡിനറി ബൾബുകൾക്ക് (881+135+1)വൈദ്യുത ചാർജ്ജിനത്തിൽ 66586 രൂപ ചെലവഴിക്കേണ്ടിവരുമ്പോൾ 2x36 വാട്ടിന്റെ സി.എഫ്.എൽ. ഉപയോഗിച്ചാൽ 45765(1017x45) രൂപയും 2x11വാട്ടിന്റെ സി.എഫ്.എൽ. ഉപയോഗിച്ചാൽ 11187(1017x14) രൂപയും 1x11 വാട്ടിന്റെ സി.എഫ്.എൽ. ഉപയോഗിച്ചാൽ 7119(1017x7)രൂപയും മാത്രമാണ് ചെലവഴിക്കേണ്ടിവരുന്നത്. ഓർഡിനറി ബൾബുകൾക്ക് പകരം 2x36, 2x11, 1x11 പവറിലുള്ള സി.എഫ്.എൽ ഉപയോഗിക്കുകയാണെങ്കിൽ യഥാക്രമം 20821(66586-45765) രൂപയും 55399(66586-11187) രൂപയും 93620 രൂപയും ഗ്രാമ പഞ്ചായത്തിന് ലാഭിക്കുവാൻ കഴിയും.

2013-14 മുതൽ ഓഡിറ്റ് തീയതി വരെയുള്ള സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് പ്രോജക്ടുകളിലൊന്നും ഉൾപ്പെടുത്തി ഓർഡിനറി ബൾബുകൾ വാങ്ങിയിട്ടില്ല. കൂടാതെ ഈ വർഷങ്ങളിലെ അറ്റകുറ്റപ്പണികളിലും ഇവ ഉൾപ്പെട്ടിട്ടില്ല. ഇതിൽ നിന്നും നിലവിലില്ലാത്ത ഓർഡിനറി ബൾബുകളുടെ വൈദ്യുത ചാർജ്ജിനത്തിലാണ് 66586 രൂപ പ്രതിമാസം ഒടുക്കുവരുത്തേണ്ടതെന്ന് വ്യക്തമാകുന്നു. ആയതിനാൽ കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഗ്രാമപഞ്ചായത്തിലുള്ള ലൈറ്റുകളുടെ ഇനം സംബന്ധിച്ച് വ്യക്തമായ കണക്ക് ഉണ്ടാക്കേണ്ടതും ഇതനുസരിച്ച് തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് പരിഷ്കരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-6 പൈപ്പ് ലൈൻ എക്സ്റ്റൻഷനായി വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ച് വർഷങ്ങൾക്കുശേഷവും പ്രോജക്ട് പൂർത്തീകരിച്ചില്ല

വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷനായി വാർഷിക ധനവിവര പത്രികയിലെ B18 ഷെഡ്യൂൾ പ്രകാരം 1785294/- രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. രണ്ടും മൂന്നും വർഷത്തിലധികമായി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച ഈ തുകയിൽ 457072/- രൂപയുടെ വർക്ക് മാത്രമാണ് പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം

ലഭിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ പട്ടികജാതി കോളനികളിലെ പ്രാഥമിക ആവശ്യമായ കുടിവെള്ള സൌകര്യം വർദ്ധിപ്പിക്കുന്നതിനായി നിക്ഷേപിച്ച ഈ തുക വർഷങ്ങൾക്ക് ശേഷവും വിനിയോഗിക്കാതിരുന്നിട്ടും വർക്ക് പൂർത്തീകരിക്കുന്നതിനായി യാതൊരു നടപടിയും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധമായി നിർവ്വഹണ ഏജൻസിയുമായി ഏതെങ്കിലും കത്തിടപാട് നടത്തിയതായും രേഖയില്ല. ഇത് പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നുമുള്ള വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ആകയാൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ ഇനത്തിൽ ശേഷിക്കുന്ന വർക്കുകൾ അടിയന്തിരമായി പൂർത്തീകരിച്ച് നിർവ്വഹണ ഏജൻസിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | അടങ്കൽ/ ഫണ്ടിനം | വർക്കിന്റെ പേര് | നൽകിയ തുക | ഡി.ഡി.നമ്പർ |
|---|---|---|---|---|---|
| 1. | S0117/14 | 276000 | വേലിയിൽ മുക്ക് കുഞ്ചാംപള്ളിഎം. എസ്.എൽ.പി.എസ് കാവിന്റെ തെക്കതിൽ വീട് വരെ പൈപ്പ് ലൈൻ നീട്ടൽ, വാർഡ് 21 | 276000 | 859375/ 10.10.13 |
| 2. | S0118/14 | 259000 | ഇടയശ്ശേരി മുക്ക് - ഉണ്ണിച്ചിരേത്ത് മുക്ക് വരെ പൈപ്പ് ലൈൻ നീട്ടൽ, വാർഡ് 20 | 259000 | 859375/ 10.10.13 |
| 3. | S0119/14 | 75000 | മീനത്തേതിൽ മുക്ക് കടമ്പനാട് മുക്ക് വരെ പൈപ്പ് ലൈൻ നീട്ടൽ, വാർഡ് 18 | 75000 | 859375/10.10.13 |
| 4. | S0120/14 | 485000 | മുളവേലിൽ, പനച്ചിത്തറ എന്നീ പട്ടികജാതി കോളനികളിൽ പൈപ്പ് ലൈൻ നീട്ടൽ, വാർഡ് 16 | 485000 | 859375/ 10.10.13 |
| 5. | S0121/14 | 114000 | കണ്ണന്താനം കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ, വാർഡ് 7 | 114000 | 859375/ 10.10.13 |
| 6. | S0122/14 | 108250 | രാജീവ്ഗാന്ധി കോളനിയിലെക്ക് പൈപ്പ് ലൈൻ നീട്ടൽ,വാർഡ് 5 | 108250 | 859375/ 10.10.13 |
| 7. | S0123/14 | 181500 | ശ്മശാനം റോഡ് മുതൽ പൊട്ട- ക്കാവ് വരെയും ഇടയിൽ ഭാഗം വരെയും പൈപ്പ് ലൈൻ നീട്ടൽ,വാർഡ് 2 | 181500 | 859375/ 10.10.13 |
| 8. | S0124/15 | 39544 | പനച്ചിത്തറ | 39544 | 859375/ |

| | | | | | |
|---|---|---|---|---|---|
| | | | കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ,വാർഡ് 1 | | 10.10.13 |
| 9. | | | B18ഷെഡ്യൂൾ പ്രകാരം വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിരിക്കുന്ന തുക. മറ്റ് വിശദാംശങ്ങൾ ലഭ്യമല്ല. | 247000* | |

(മേൽ കാണിച്ചിരിക്കുന്ന വർക്കുകളിൽ ക്രമ നമ്പർ 3,4,8 ഉൾപ്പെടുത്തിയിരിക്കുന്ന വർക്കുകളുടെ മാത്രമാണ് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളത്.)

## 3-7 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - വിനിയോഗ ശേഷം ബാക്കിയുള്ള തുക വാട്ടർ അതോറിറ്റിയിൽ നിക്ഷേപമായി തുടരുന്നു

വിവിധ വാർഡുകളിലെ പട്ടികജാതി സങ്കേതങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിനായി വാട്ടർ അതോറിറ്റിക്ക് നൽകിയ 1785294/-രൂപയിൽ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്ക് മാത്രമാണ് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം പരിശോധിച്ചതിൽ ഇതിലേക്കായി നിക്ഷേപിച്ചതിനേക്കാൾ കുറഞ്ഞ തുകയ്ക്കാണ് പ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടുള്ളത്. മൂന്ന് പ്രോജക്ടുകൾക്കുമായി നിർവ്വഹണ ഏജൻസിയിൽ നിക്ഷേപിച്ച 599544 രൂപയിൽ 457072 രൂപയാണ്. പ്രസ്തുത വർക്കുകൾക്കായി ചെലവായിട്ടുള്ളത്. ഈയിനത്തിൽ ബാക്കിയുള്ള142472 രൂപ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. പ്രോജക്ട് പൂർത്തീകരിച്ചതായി വിനിയോഗസാക്ഷ്യപത്രം ലഭിച്ച് ഏകദേശം ഒന്നരവർഷം കഴിഞ്ഞിട്ടും ഈ തുക തിരികെ ലഭിക്കുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. 142472/-രൂപ തിരികെ ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | അടങ്കൽ/ | വർക്കിന്റെ പേര് | നൽകിയ തുക | ഡി.ഡി. നമ്പർ | യു.സി. പ്രകാരം ചെലവായ തുക | വ്യത്യാസം |
|---|---|---|---|---|---|---|---|
| 1. | So 119/ 14 | 75000 | മീനത്തേതിൽ മുക്ക് കടമ്പനാട് മുക്ക് വരെ പൈപ്പ് ലൈൻ നീട്ടൽ, വാർഡ് 18 | 75000 | 859375/ 10.10.13 | 56852 | 18148 |
| 2. | So 120/14 | 485000 | മുളവേലിൽ, പനച്ചിത്തറ എന്നീ പട്ടികജാതി കോളനികളിൽ പൈപ്പ് ലൈൻ നീട്ടൽ, വാർഡ് 16 | 485000 | 859375/ 10.10.13 | 371541 | 113459 |
| 3. | So 124/15 | 39544 | പനച്ചിത്തറ കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ, വാർഡ് 1 | 39544 | 859375/ 10.10.13 | 28679 | 10865 |

| | | |
|---|---|---|
| | ആകെ | 142472/- |

## 3-8 പാലിയേറ്റീവ് കെയർ പദ്ധതി - ഗ്രാമ പഞ്ചായത്തിന്റെ ആംബുലൻസ് വാഹനം ഉപയോഗപ്പെടുത്തുന്നില്ല

പ്രൊജക്ട് നം. -S0061/16 അടങ്കൽ - 3,50,000/- രൂപ, ചെലവ് - 3,08,705/- രൂപ ഫണ്ട് (വിവരം)- വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

ഗ്രാമ പഞ്ചായത്ത് നിവാസികളായിട്ടുള്ളവരിൽ ക്യാൻസർ, ഹൃദയ ശ്വാസ രോഗങ്ങൾ, പക്ഷാഘാതം പോലെയുള്ള ഗുരുതര രോഗങ്ങൾ ഉള്ളവർ, ദീർഘകാല ചികിത്സ ആവശ്യമുള്ളവർ, പ്രായാധിക്യം മൂലം അവശതയനുഭവിക്കുന്നവർ, പരസഹായം കൂടാതെ ദൈനംദിന കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയാത്തവർ മുതലായവർക്ക് ആശ്വാസവും പരിചരണവും ലഭ്യമാക്കുന്നതിനായി നടപ്പാക്കിയ പദ്ധതിയാണ് ഇത്. പദ്ധതി നടത്തിപ്പിനായി രൂപീകരിക്കപ്പെട്ട പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റിയുടെ നേതൃത്വത്തിലാണ് പദ്ധതി നടത്തിപ്പ്. മെഡിക്കൽ ഓഫീസറുടെ മാർഗ്ഗ നിർദ്ദേശാനുസരണം, പരിശീലനം ലഭിച്ചിട്ടുള്ള ഒരു പാലിയേറ്റീവ് കെയർ നഴ്സും സന്നദ്ധ പ്രവർത്തകരും ചേർന്നാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. മാറാരോഗികളുടെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമുള്ള രോഗികളുടെയും പരിചരണ രീതി അവരുടെ വീടുകളിൽ ചെന്ന് പഠിപ്പിച്ചു കൊടുക്കുന്നതിനും ആവശ്യമായ തുടർ പരിചരണം നൽകുന്നതിനുമായി ഹോം കെയർ സംവിധാനവും നടത്തുന്നു.

ഹോം കെയർ പ്രവർത്തന നടത്തിപ്പിൽ ഗൃഹ സന്ദർശനം നടത്തുവാനായി ഒരു സ്വകാര്യ വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിച്ചിട്ടുണ്ട്. ഓരോ ഹോം കെയർ ദിനവും 1000/- രൂപ വാടക നൽകിയാണ് വാഹനം ഉപയോഗിച്ചിട്ടുള്ളത്. ഓഡിറ്റ് വർഷം ആകെ 96 ഹോം കെയർ ദിനങ്ങളിലേക്കായി മൊത്തം 96,000 രൂപ (96x1000) വാഹന വാടക നൽകിയിട്ടുണ്ട്. ഹോം കെയർ ദിനങ്ങളിൽ ശരാശരി നാൽപ്പതോളം കിലോമീറ്ററാണ് രേഖകൾ പ്രകാരം വാഹനം ഓടിയിട്ടുള്ളത്.

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഒരു ഓമ്നി വാൻ ആംബുലൻസായി വാടക ഈടാക്കിക്കൊണ്ട് സേവനം നടത്തിപ്പോരുന്നുണ്ട്. മുപ്പതു കിലോമീറ്റർ വരെ മിനിമം ചാർജ്ജ് ആയി 300/- രൂപയും അതിനു മേൽ ദൂരത്തിന് കിലോമീറ്ററിന് പത്തു രൂപ നിരക്കുമാണ് ആംബുലൻസ് വാടക നിരക്ക്. തൻവർഷം ആംബുലൻസിന് വാടക വരുമാനമായി ആകെ 1,42,680/-രൂപ ലഭിച്ചിട്ടുണ്ട്. കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ആംബുലൻസ് ഡ്രൈവർക്ക് നൽകിയ വേതനം 1,67,400/-രൂപ, ഇന്ധന ചെലവ് 55,643/- രൂപ, അറ്റകുറ്റ പണിക്കായി 3550/-രൂപ എന്നിങ്ങനെ ആകെ 2,26,593/-രൂപയുടെ ചെലവും ഉണ്ട്. വരവിനേക്കാൾ 83,913/-രൂപ അധികം ചെലവ് വന്നിട്ടുള്ളതിനാൽ പഞ്ചായത്ത് വരുമാന ലാഭത്തിനുപരിയായി സേവനം മുൻനിർത്തിയാണ് ആംബുലൻസ് സർവ്വീസ് നടത്തുന്നതെന്ന് കാണുന്നു.

പാലിയേറ്റീവ് കെയറിനായി വാഹന വാടക നൽകിയതിനുള്ള ചെലവും ആംബുലൻസ് സർവ്വീസിന്റെ വരവു ചെലവുകളും കണക്കിലെടുത്താൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആംബുലൻസ് വാഹനം പാലിയേറ്റീവ് പദ്ധതിയ്ക്കായി ഉപയോഗപ്പെടുത്തിയിരുന്നെങ്കിൽ പാലിയേറ്റീവ് കെയറിനായുള്ള വാഹന വാടകയിനത്തിൽ വലിയതുക ലാഭിക്കുവാൻ കഴിയുമായിരുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

സർക്കാർ ഉത്തരവ് ജി.ഒ (ആർ.ടി) 3217/2015 തസ്വഭവ തീ. 29.10.2015 ൽ നൽകിയിട്ടുള്ള പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖയിൽ പാലിയേറ്റീവ് കെയറിനായുള്ള വാഹന ഉപയോഗത്തിനുള്ള വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇവ പ്രകാരം ആംബുലൻസ് സർവ്വീസിന് വേണ്ടി തദ്ദേശ ഭരണ സ്ഥാപനം ഇതിനകം വാങ്ങിയിട്ടുള്ളതോ, ഈ ആവശ്യങ്ങൾക്കായി സൗജന്യമായി ലഭിച്ചിട്ടുള്ളതോ ആയ വാഹനങ്ങൾ ഉണ്ടെങ്കിൽ അത് പാലിയേറ്റീവ് കെയറിന്റെ ഭാഗമായുള്ള ഗൃഹ സന്ദർശനത്തിന് ഉപയോഗിക്കേണ്ടതാണ്. പ്രസ്തുത വാഹനം പാലിയേറ്റീവ് കെയർ ആവശ്യത്തിനും, അതിന് മുടക്കം വരാത്ത രീതിയിൽ, ആവശ്യമെങ്കിൽ ആംബുലൻസ് സർവ്വീസിനും ഉപയോഗിക്കുന്നതിനായി, തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പാലിയേറ്റീവ് കെയർ പ്രൊജക്ടിന്റെ നിർവ്വഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ കൺവീനറായിട്ടുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിക്ക് കൈമാറേണ്ടതുമാണ്.

അതിനാൽ പഞ്ചായത്ത് മേൽ പറഞ്ഞ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആംബുലൻസ് വാഹനത്തിന്റെ നടത്തിപ്പ് നിർവ്വഹിക്കേണ്ടതിനായുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ച് നടപ്പാക്കേണ്ടതാണ്.

## 3-9 ആശ്രയ പദ്ധതി- തുക യഥാസമയം ചെലവഴിക്കുന്നില്ല

അഗതി ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി ഗുണഭോക്താക്കളുടെ വീട് നിർമ്മാണത്തിനായി വികസന ഫണ്ട് വകയിരുത്തി 2,50,000/-രൂപ ആശ്രയ അക്കൗണ്ടിൽ 10.05.16ൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ തുക കൂടാതെ വിവിധ ആവശ്യങ്ങൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്നു ലഭിച്ച തുകയും മുൻ വർഷങ്ങളിൽ ഗ്രാമ പഞ്ചായത്ത് നീക്കിവച്ചിരുന്ന തുകയും പ്രസ്തുത അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഈ തുകയിൽ നിന്ന് നാമമാത്രമായ തുകയാണ് നാളിതുവരെ ചെലവഴിച്ചിട്ടുള്ളത്. ഓഡിറ്റ് കാലയളവിൽ 232000/-രൂപ പലിശ ഉൾപ്പടെ 757872/-രൂപ ബാങ്ക് അക്കൌണ്ടിൽ അവശേഷിക്കുന്നു. 2006 സാമ്പത്തിക വർഷം മുതൽ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്ന തുകയും ഇതിൽ ഉൾപ്പെടുന്നു.

സമൂഹത്തിലെ നിരാലംബരായ വിഭാഗത്തോട് അധികൃതരുടെ ഭാഗത്ത് നിന്നുണ്ടായ തികഞ്ഞ അവഗണനയാണ് ഇത് സൂചിപ്പിക്കുന്നത്. അവർക്ക് യഥാസമയം പാർപ്പിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിൽ അധികൃതരുടെ ഭാഗത്ത് നിന്ന് വീഴ്ച സംഭവിച്ചിട്ടുണ്ട്. ഇത് പദ്ധതി നടത്തിപ്പിലുണ്ടായിട്ടുള്ള പരാജയത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. 2014-17 വരെയുള്ള ആശ്രയ ലിസ്റ്റിൽ ഭവന നിർമ്മാണത്തിന് അർഹരായ 34 ഗുണഭോക്താക്കളും ഭൂമി വാങ്ങലിന് അർഹരായ 5 ഗുണഭോക്താക്കളും ഉൾപ്പെട്ടിട്ടുണ്ട്. ഗുണഭോക്താക്കളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-10 ബാലസഭാ പ്രവർത്തനം - സർക്കാർ അനുവദിച്ച പരിധിയിലധികം ചെലവഴിച്ച തുക അനുവദിക്കുന്നില്ല

പ്രോജക്ട് നമ്പർ :s0226/16

ചെലവ് തുക – 29940/-(തനത്ഫണ്ട്, ചെക്ക് നമ്പർ :4861/14.10.15)

തുക- 31900/-(തനത്ഫണ്ട്, ചെക്ക് നമ്പർ :3831/14.10.15)

കുടുംബശ്രീ രൂപീകരിച്ചിട്ടുള്ള ബാലസഭയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 35000/- രൂപ വരെ തനത്ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിന് സർക്കാർ ഉത്തരവ് (സാധാ)1363/15l.ത.സ്വ.ഭ.വ തീ.6.6.15 പ്രകാരം സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ബാലസഭയുടെയും ബാലപഞ്ചായത്തിന്റേയും പ്രവർത്തനങ്ങൾക്കായി ചുവടെ ചേർക്കും പ്രാകാരം 56840 രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ അനുവദിച്ച പരിധിയിലധികമായി ചെലവഴിച്ച 21840 രൂപയുടെ ചെലവ് അനുവദിക്കുന്നില്ല. തുക സെക്രട്ടറിയുടെ ബാദ്ധ്യതയായി നിശ്ചയിക്കുന്നു. അപാകത സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നമ്പർ 9/23.11.16 നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 3-11 കമ്പ്യൂട്ടർ പരിശീലനം നൽകിയത് - മാർഗ്ഗരേഖകൾക്ക് വിരുദ്ധം

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങളിൽ പെട്ട വിദ്യാർത്ഥികൾക്ക് കെൽട്രോൺ മുഖേന കമ്പ്യൂട്ടർ പരിശീലനം നൽകിയതിന് താഴെപ്പറയുംവിധം 972000/-രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ചെലവഴിച്ച തുക | ബിൽ നം/തീയതി | കെൽട്രോൺ കരാർ വെച്ച തീയതി |
|---|---|---|---|
| എസ്.റ്റി കുട്ടികൾക്കുള്ള കമ്പ്യൂട്ടർ പരിശീലനം (പ്രോജ നം. 198/16) | 72000/- | 6/29.6.15 | 27.05.2015 |
| എസ്.സി കുട്ടികൾക്കുള്ള കമ്പ്യൂട്ടർ കോഴ്സ് | 900000/- | 5/29.6.15 | 27.3.2015 |
| ആകെ | 972000/- | | |

12ാം പദ്ധതി മാർഗ്ഗരേഖ (സ.ഉ.(എം.എസ്) നം. 362/2013/തസ്വഭവ തിരുവനന്തപുരം തീയതി, 16.11.2013) പ്രകാരം സ്വയം

തൊഴിൽ സംരംഭങ്ങൾ നടത്തുന്നതിന്റെ ഭാഗമായി മാത്രമേ പരിശീലന പരിപാടികൾ നടത്താൻ പാടുള്ളൂ. മാർഗ്ഗ രേഖ പ്രകാരം കമ്പ്യൂട്ടർ പരിശീലനം നടത്താൻ അനുവാദമില്ല. ഇതിന് വിരുദ്ധമായാണ് കംപ്യൂട്ടർ പരിശീലനത്തിന് തുക ചെലവഴിച്ചത്. പരിശീലന പരിപാടിയിൽ പങ്കെടുത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ (അപേക്ഷകൾ,ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, അപേക്ഷകരുടെ യോഗ്യത തെളിയിക്കുന്ന രേഖകൾ), സർട്ടിഫിക്കറ്റ് വിതരണം ചെയ്തത് സംബന്ധിച്ച വിവരങ്ങൾ, പരിശീലനം എവിടെ വെച്ച് നടത്തി എന്നീ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സമർപ്പിച്ച മറുപടിയിൽ മാർഗ്ഗരേഖകൾക്ക് വിധേയമായാണ് പരിശീലനം നടത്തിയതെന്നാണ് അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. പരിശീലനം നടത്തി ഒരു വർഷത്തിന് ശേഷവും മുഴുവൻ പഠിതാക്കൾക്കും സർട്ടിഫിക്കറ്റ് വിതരണം നടത്തിയിട്ടില്ല എന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടു. പരിശീലനം ലഭിച്ച മുഴുവൻ പഠിതാക്കൾക്കും പരിശീലന ശേഷം തൊഴിലവസരം നൽകുന്നതാണെന്ന് കെൽട്രോൺ കരാറിൽ വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ നാളിതുവരെ ഒരു പഠിതാവിന് പോലും കെൽട്രോൺ മുഖേന തൊഴിൽ നൽകിയിട്ടില്ല. ഇപ്രകാരം പരിശീലനം നൽകൽ മാത്രമായി പദ്ധതി ഒതുങ്ങി. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഈ പദ്ധതിക്ക് ചെലവഴിച്ച 972000/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-12 സാക്ഷരതാ തുല്യതാ പരീക്ഷ-പഠനവും തൊഴിലും

സാക്ഷരതാ തുല്യതാ പരീക്ഷ പ്രോജക്ടിൽ (പ്രോജ.നം.S0080/16, നിർവ്വഹണം: പ്രധാനാധ്യാപകൻ) ഉൾപ്പെടുത്തി 10ാം തരം പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ് എന്നീ ഇനങ്ങളിൽ ഒരു പഠിതാവിന് 2100/-രൂപ വീതം 13 പഠിതാക്കൾക്കായി ആകെ 27300/-രൂപ(ബിൽ നം.1/30.3.16) സാക്ഷരതാമിഷനിൽ നൽകുന്നതിന് പിൻവലിച്ചിട്ടുണ്ട്. എന്നാൽ പരീക്ഷയിൽ വിജയിച്ച പഠിതാക്കൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തിട്ടുള്ളതിന്റെ രേഖകൾ ഹാജരാക്കിയിരുന്നില്ല.

ഇതേ പ്രോജക്ട് പ്രകാരം പത്താം ക്ലാസ്, പ്ലസ് 2 സാക്ഷരതാ പഠിതാക്കൾക്ക് സാരി പെയിന്റിംഗ്, ആഭരണ നിർമ്മാണം എന്നിവയിൽ പരിശീലനം നൽകിട്ടുണ്ട്. പരിശീലകയ്ക്കുള്ള വേതനം, പരിശീലനത്തിനുള്ള സാധനങ്ങൾ വാങ്ങിയതിന്റെ വില എന്നീ ഇനങ്ങളിലായി 62000/- രൂപ(2/31.3.16) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പരിശീലകയെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡങ്ങൾ ഫയലിൽ വ്യക്തമല്ല. ഇതിനായി പത്ര പരസ്യം നൽകിയിട്ടില്ല. പരിശീലനത്തിൽ പങ്കെടുത്തവർ പരിശീലനം പൂർത്തിയാക്കിയത് സംബന്ധിച്ച രേഖകൾ ഫയലിൽ ഇല്ല. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/22.11.16) ഹാജരാക്കിയ മറുപടിയിൽ ജില്ലാ പഞ്ചായത്തിൽ നിന്ന് വാക്കാൽ ലഭിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് പരിശീലകയെ കണ്ടെത്തിയത് എന്ന് പറഞ്ഞിരിക്കുന്നു. പരിശീലന പരിപാടികൾ സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ മുഖേന നടത്തേണ്ടതാണ്. എന്നാൽ പ്രധാനാധ്യാപകൻ നടപ്പാക്കിയ ഈ പരിശീലന പരിപാടിയിൽ പരിശീലകയെ തെരഞ്ഞെടുത്തിട്ടുള്ളത് സ്വകാര്യ സ്ഥാപനത്തിൽ നിന്നാണ്. ഈ നടപടികൾ ക്രമ പ്രകാരമല്ല. സ്വകാര്യ സ്ഥാപനത്തിൽ നിന്ന് ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ പഠിതാക്കൾക്ക് തുടർന്ന് തൊഴിൽ ലഭിക്കുന്നതിന് സഹായകരമല്ല. ഇക്കാരണങ്ങളാൽ പരിശീലനത്തിനായി ചെലവഴിച്ച 62000/-രൂപയും, സാക്ഷരതാ പഠിതാക്കൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തതിന്റെ രേഖകൾ, രജിസ്റ്റർ ചെയ്തതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ തുല്യതാ പപഠനത്തിനായി ചെലവഴിച്ചിട്ടുള്ള 27300/-രൂപയുടെ ചെലവും ഉൾപ്പടെ 89300 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-13 തെരുവ് വിളക്ക് അറ്റകുറ്റപ്പണി - രജിസ്റ്ററുകളുടേയും രേഖകളുടേയും അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ:S0012/16

അടങ്കൽ:700000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് :ബിൽ നമ്പർ:46/15-16 തീയതി, 31.3.16- 420906/-

ബിൽ നമ്പർ:37/15-16 തീയതി, 31.3.16- 39000/-

ബിൽ നമ്പർ:54/15-16 തീയതി, 31.3.16- 31200/-

തെരുവ് വിളക്ക് അറ്റകുറ്റപ്പണി എന്ന പ്രോജക്ടിലുൾപ്പെടുത്തി യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിൽ നിന്നും 420906/-രൂപയുടെ ഉപകരണങ്ങളും അറ്റകുറ്റപ്പണിയുടെ കൂലിയായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച രണ്ട് ഇലക്ട്രീഷൻമാർക്ക് 37800/-രൂപയും തെരുവ് വിളക്ക് മെയിന്റനൻസിന് ഗോവണി ഘടിപ്പിച്ച വാഹനം നൽകിയതിന്റെ ദിവസവാടകയായി 32400/-രൂപയും നൽകിയിട്ടുണ്ട്. ഇലക്ട്രീഷൻമാരെയും വാഹനവും ക്വട്ടേഷൻ നടപടിയിലൂടെയാണ് തെരെഞ്ഞെടുത്തത്. പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഇലക്ട്രിക്കൽ കരാറുകാരായ ശരത്, ശിവപ്രസാദ് എന്നിവർ 26.2.16 മുതൽ 12.3.16 വരെ 1,3,5,6,7,8,9,15,16 എന്നീ വാർഡുകളിലെയും കായംകുളം തട്ടരാമ്പലം റോഡിന്റെ വശങ്ങളിലേയും തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്തിയതിന് 21000രൂപയും (ശരത് ഡി.ഡി.നമ്പർ 79126 തീയതി,31.3.16-10500/-, ശിവപ്രസാദ് ഡി.ഡി.നമ്പർ 79127 തീയതി,31.3.16-10500/-) വാഹനവാടകയിനത്തിൽ 18000 രൂപയും (ശ്യാംലാൽ ഡി.ഡി.നമ്പർ 79128 തീയതി, 31.3.16)നൽകിയിട്ടുണ്ട്. ഏതെല്ലാം വാർഡുകളിലാണ് അറ്റകുറ്റപ്പണി നടത്തിയതെന്ന് രേഖപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷയുടെ അടിസ്ഥാനത്തിൽ 16.3.16 മുതൽ 29.3.16 വരെ അറ്റകുറ്റപ്പണി നടത്തിയതിന് 16800രൂപയും (ശരത് ഡി.ഡി.നമ്പർ 79235 തീയതി,4.4.16-8400/-, ശിവപ്രസാദ് ഡി.ഡി.നമ്പർ 79236 തീ.4.4.16-8400/-) വാഹന വാടകയിനത്തിൽ 14400 രൂപയും (ശ്യാംലാൽ ഡി.ഡി.നമ്പർ 79237 തീ.4.4.16) നൽകിയിട്ടുണ്ട്. എന്നാൽ ഈ വാർഡുകളിലെ അറ്റകുറ്റപ്പണി നടത്തിയത് സംബന്ധിച്ച് കെ.എസ്.ഇ.ബി. അധികൃതരുടെ സാക്ഷ്യപത്രം (പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തിയിട്ടുയുള്ളത് ) ഹാജരാക്കിയിട്ടില്ല. ഈ വാർഡുകളിലെ മെമ്പറൻമാരുടെ സാക്ഷ്യപത്രവും ഇല്ല. മേൽ രേഖകളുടെ അഭാവത്തിൽ കരാറുകാരൻ നടത്തിയ അറ്റകുറ്റപ്പണിയുടെ കൃത്യത ഉറപ്പാക്കിയതെങ്ങെനെയെന്ന് വ്യക്തമല്ല.
2. തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ സ്വീകരിക്കാനും തുടർ നടപടികൾ സ്വീകരിക്കാനുമായി നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടില്ല. കൂടാതെ ലഭിച്ച പരാതികൾ രേഖപ്പെടുത്തിയ രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല. മെയിന്റനൻസ് രജിസ്റ്ററും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
3. കരാറുകാരൻ ഉപകരണങ്ങൾ കൈപ്പറ്റിയതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററും പഞ്ചായത്തിൽ തിരികെ ഏൽപ്പിച്ച കേടായ ഉപകരണങ്ങളുടെയും വിശദാംശം രേഖപ്പെടുത്തിയ രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മേൽ രേഖകളും രജിസ്റ്ററുകളും ഹാജരാക്കുവാൻ ആവശ്യപ്പെട്ട് 1/19.11.16 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ഇവ ഹാജരാക്കിയിട്ടില്ല. എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരൻ ഉപകരണങ്ങൾ കൈപ്പറ്റിയതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ മെയിന്റനൻസ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ അറ്റകുറ്റപ്പണിയ്ക്കായി ചെലവഴിച്ച 70200/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-14 സമഗ്ര നെൽകൃഷി- പാട്ടക്കർഷകർക്ക് ആനുകൂല്യം നൽകിയത്- രേഖകളിൽ സുതാര്യതയില്ല

1). കൃഷി ഓഫീസർ നടപ്പാക്കിയ സമഗ്ര നെൽകൃഷി വികസന പദ്ധതിയിൽ (പ്രോജ.നം. 54/16) ഉൾപ്പെടുത്തി കർഷകർക്ക് നെൽ വിത്തും പൂട്ട് കൂലിയും വിതരണം ചെയ്യുന്നതിനായി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. കർഷകർക്ക് വിതരണം ചെയ്യുന്നതിനായി കെ.എസ്.എസ്.ഡി.എ. യിൽ നിന്ന് 39 രൂപ നിരക്കിൽ 12820/-കിലോ നെൽവിത്ത് വാങ്ങിയിരുന്നു(ബിൽ നം.1/16.2.16 രൂപ 5,00,000/-). ഈ നെൽ വിത്തിൽ 11267 കിലോ നെൽ വിത്തിന്റെ വിതരണ രേഖകൾ മാത്രമേ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നുള്ളൂ. അവശേഷിക്കുന്ന 1553 കിലോ നെൽവിത്തിന്റ വിതരണ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല. വിതരണ രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (16/23.11.16) നൽകിയെങ്കിലും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല. അതിനാൽ 1553 കിലോ നെൽവിത്തിന്റ വിലയായ 60567/-രൂപ തടസ്സപ്പെടുത്തുന്നു.

2). 4 പാടശേഖര സമിതികളുണ്ടായിരുന്നതിൽ 3 പാടശേഖര സമിതികളിലെ കർഷകർ പാട്ട കൃഷിക്കാരാണ്. കർഷകർക്ക് വിതരണം ചെയ്യുന്നതിനായി പൂട്ട് കൂലി ഇനത്തിൽ 461592/-രൂപ (ബിൽ നം.3/29.3.16) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഭൂമിയുടെ ഉടമകൾ കൃഷി ഭൂമി കർഷകർക്ക് കൈമാറിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല. മാത്രമല്ല, ആനുകൂല്യം അതാത് കർഷകരുടെ ബാങ്ക് അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്തതിന്റെ രേഖകളും ഹാജരാക്കിയിരുന്നില്ല. അപാകങ്ങൾ ചൂണ്ടി ക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.16/23.11.2016) മറുപടിയായി പാട്ട കർഷകർ കൃഷി ഭൂമി ഏറ്റെടുത്തിട്ടുള്ളതിന്റെ കരാറുകൾ ഹാജരാക്കിയിരുന്നു. അവ പരിശോധിച്ചതിൽ കരിപ്പുഴ ടാഗോർ സ്മാരക നെല്ലുല്പാദക സമിതിയുമായി തോമസ് ജോർജ്ജ് എന്ന പാട്ടക്കർഷകൻ ഏർപ്പെട്ട കരാറിൽ 190ഏക്കർ കൃഷി ഭൂമി പാട്ടത്തിനെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ തോമസ് ജോർജ്ജ് മാത്രമേ കരാറിൽ സാക്ഷ്യപ്പെടുത്തിയിട്ടുള്ളൂ. പാടശേഖര സമിതി ചെയർമാൻ, കൺവീനർ എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. മറ്റം മങ്ങാട്ട് പാടശേഖരത്തിന്റെ 100ഏക്കർ കൃഷി ചെയ്യുന്നതിന് പാടശേഖര സമിതി കൺവീനർ,ചെയർമാൻ എന്നിവരുമായി ബിജു ജോസഫ് എന്ന കർഷകൻ കരാറിൽഏർപ്പെട്ടിട്ടുണ്ട്. കൂടാതെ പത്തിയൂർ കരിപ്പുഴ ഉള്ളിട്ട പുഞ്ചയിലെ 48.40 ഏക്കർ പുഞ്ചനിലം കൃഷി ചെയ്യുന്നതിന് പാട്ടക്കർഷകനായ പ്രസാദ് ഏറ്റെടുത്തതായി മുദ്ര പത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പാടശേഖര സമിതി സെക്രട്ടറി കരാറിൽ ഒപ്പ് വെച്ചിട്ടില്ല. മേൽ കൃഷി ഭൂമികളുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന കരം അടച്ച രസീത് പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല. പാട്ടകൃഷിയുമായി ബന്ധപ്പെട്ട രേഖകൾ

ഇപ്രകാരം കൃത്യമായല്ല സൂക്ഷിച്ചിട്ടുള്ളത്. ആനുകൂല്യം വിതരണം ചെയ്ത രേഖകൾ പരിശോധിച്ചതിൽ മേൽപ്പറഞ്ഞവരെ കൂടാതെ വിവിധ കർഷകർക്ക് തുക നൽകിയതായാണ് കാണുന്നത്. പാട്ടക്കരാർ വെച്ചിട്ടുള്ളത് 3 പേർ മാത്രമായിരിക്കെ കൂടുതൽ പേർക്ക് ആനുകൂല്യം വിതരണം ചെയ്തത് എപ്രകാരമാണെന്ന് വ്യക്തമല്ല.

പദ്ധതി നടത്തിപ്പിലെ സുതാര്യതയില്ലായ്മയിലേക്കാണ് ഈ വസ്തുത വിരൽ ചൂണ്ടുന്നത്. ടി വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. മേൽ അപാകങ്ങൾ നിലനിൽക്കുന്നതിനാലും പൂട്ടുകൂലി ഇനത്തിലുള്ള സബ്സിഡി കർഷകരുടെ ബാങ്ക് അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്തതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ലാത്തതിനാലും 461592/-രൂപയും വിതരണ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാതിരുന്ന 1553 കിലോ നെൽവിത്തിന്റെ വിലയായ 60567/-രൂപയും ഉൾപ്പെടെ 522159/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-15 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് വാഴ കൃഷി

കൃഷി ഓഫീസർ നടപ്പാക്കിയ കുടുംബശ്രീ ഗ്രൂപ്പുകൾക്ക് വാഴ കൃഷി പദ്ധതി (ജനറൽ) (പ്രോജക്ട് നം. 57/16) ഉൾപ്പെടുത്തി കെയ്കോയിൽ നിന്ന് 12000/-രൂപയുടെ വാഴ വിത്തുകൾ വാങ്ങിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗ രേഖകൾ പ്രകാരം വിലയുടെ 75% മാത്രമേ സബ്സിഡിയായി അനുവദിക്കാൻ പാടുള്ളൂ. ഇതനുസരിച്ച് അനുവദിക്കാവുന്ന സബ്സിഡി 9000/- രൂപ മാത്രമാണ്. എന്നാൽ സ്ഥാപനത്തിന് സബ്സിഡി ഇനത്തിൽ 9500/-രൂപ(ബിൽ നം.7/30.3.16-500/-, 4/29.3.16-12375/-) നൽകിയിരുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(16/23.11.16) മറുപടി ഹാജരാക്കിയിരുന്നില്ല. അതിനാൽ സബ്സിഡി ഇനത്തിൽ അധികം ചെലവഴിച്ച 500 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-16 സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല

കൃഷി ഓഫീസർ നടപ്പാക്കിയ വിവിധ പദ്ധതികൾ പ്രകാരം ഓഫീസ് ചെലവ് എന്ന ഇനത്തിൽ തുക വകയിരുത്തി വിവിധ ഫോമുകൾ പ്രിന്റ് ചെയ്തതിന് തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര്,നമ്പർ | പദ്ധതി നിർവ്വഹണ ചെലവ് | ഇനം |
|---|---|---|
| കുടുംബശ്രീ ഗ്രൂപ്പുകൾക്ക് വാഴ കൃഷി പദ്ധതി (ജനറൽ) (പ്രോജക്ട് നം. 57/16) | 3375/- (ബിൽ നം.4/29.3.16) | സ്റ്റേഷനറി, ക്രോക്കറി എന്നിവ വാങ്ങിയതിന് |
| മഞ്ഞൾ കൃഷി(പ്രോജക്ട് നം. 65/16) | 4875/- (ബിൽ നം.6/20.3.16) | 6000എണ്ണം ആപ്ലിക്കേഷൻ ഫോം പ്രിന്റ് ചെയ്യുന്നതിന് |
| ചേന കൃഷി(63/16) | 13650/- (ബിൽ നം.5/29.3.16) | 1000എണ്ണം ആപ്ലിക്കേഷൻ ഫോം, 10രസീത് ബുക്കുകൾ (Rs.825/-), 10 ഇൻവോയിസുകൾ എന്നിവ പ്രിന്റ് ചെയ്യുന്നതിന് |
| ആകെ | 21900 | |

ഓഫീസ് ചെലവ് ഇനത്തിൽ ഉൾപ്പെടുത്തി പ്രിന്റ്ചെയ്ത ഫോമുകൾ, രസീത് ബുക്കുകൾ, സ്റ്റേഷനറികൾ എന്നിവ സ്റ്റോക്കിൽ ഉൾപ്പെടുത്തിയതിന്റെ രേഖകൾ ഹാജരാക്കിയിരുന്നില്ല. ഇക്കാരണങ്ങളാൽ 21900/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മാത്രമല്ല, രസീത് ബുക്കുകൾ പ്രിന്റ് ചെയ്തതിന്റെ ആവശ്യകത എന്തെന്ന് വ്യക്തമല്ല. പ്രസ്തുത രസീതുകൾ പ്രകാരമുള്ള പിരിവിന്റെ വിശദ വിവരം ലഭ്യമാക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ നിന്ന് നൽകുന്ന രസീത് ബുക്കുകൾ മാത്രം ഉപയോഗിക്കാവൂ എന്നിരിക്കെ സ്വന്തമായി രസീത് പ്രിന്റ് ചെയ്ത് ഉപയോഗിച്ചത് ക്രമ പ്രകാരമല്ല. ഈ വിഷയത്തിന്മേൽ

ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-17 ആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ - ലഭ്യതാ രഹിത സാക്ഷ്യപത്രം വാങ്ങാതെ മരുന്നു വാങ്ങി

പ്രൊജക്റ്റ് നം. S0016/16 അടങ്കൽ തുക – 12,84,550/-

മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, ആയുർവ്വേദം.

ചെലവ് വിവരം - ബിൽ നം. 3/15-16, 12,84,550/- രൂ. ഡി.ഡി.നം. 840169/ 27.10.15

ആയുർവ്വേദ ആശുപത്രിക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതി പ്രകാരം 12,84,550/- രൂപയുള്ള ആയുർവേദ മരുന്നുകൾ പാട്യം സർവ്വീസ് സൊസൈറ്റി, തലശ്ശേരിയിൽ നിന്നും വാങ്ങി. സർക്കാർ ഉത്തരവ് ജി.ഒ(ആർ.ടി) 876/14 തസ്വഭവ തീ. 25.03.14 – ലെ നിർദ്ദേശങ്ങൾ പ്രകാരം ഔഷധിയിൽ ലഭ്യമല്ലാത്ത ഔഷധങ്ങൾ മാത്രമേ മറ്റ് സഹകരണ ഔഷധ സ്ഥാപനങ്ങളിൽ നിന്നും വാങ്ങാവൂ എന്ന നിബന്ധനയുണ്ട്. എന്നാൽ പാട്യം സർവ്വീസ് സൊസൈറ്റിയിൽ നിന്നും മരുന്നു വാങ്ങിന്നതിനു മുൻപായി നിർവ്വഹണോദ്യോഗസ്ഥൻ ഔഷധിയിൽ പ്രസ്തുത മരുന്നുകൾ ലഭ്യമാണോ എന്ന് അന്വേഷണം നടത്തിയതിനോ, ഔഷധിയിൽ ലഭ്യമല്ലാത്ത മരുന്നുകളാണ് പാട്യം സൊസൈറ്റിയിൽ നിന്നും വാങ്ങിയത് എന്നതിനോ ആധാരമാക്കാവുന്ന രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ നടത്തിയ ഈ വാങ്ങലിനായി ചെലവഴിച്ച തുക രൂ. 12,84,550/- തടസ്സപ്പെടുത്തുന്നു.

## 3-18 വിദേശത്ത് ജോലിക്കായി പോകുന്ന യുവാക്കൾക്ക് ധനസഹായം-രേഖകൾ ഹാജരാക്കിയില്ല

വിദേശത്ത് ജോലിക്കായി പോകുന്ന പട്ടിക ജാതിയിൽപ്പെട്ട യുവാക്കൾക്ക് ധനസഹായം (പ്രോജ.നം.195/16) പ്രോജക്ടിൽ ഉൾപ്പെടുത്തി 4 വ്യക്തികൾക്ക് 20000/-രൂപ വീതം (ബിൽ നം.1/29.6.15-60000/-, 16/17.8.15-20000/-) അനുവദിച്ചിട്ടുണ്ട്. ടി വ്യക്തികൾ ആരും തന്നെ യാത്ര ചെയ്ത ടിക്കറ്റിന്റെ പകർപ്പ്, ബോർഡിംഗ് പാസ്, വിദേശ രാജ്യത്ത് ജോലി ചെയ്യുന്നതായി പ്രസ്തുത രാജ്യത്തെ തൊഴിൽ ദായകൻ സാക്ഷ്യപ്പെടുത്തിയതിന്റെ വിവരങ്ങൾ തുടങ്ങിയവയുടെ പകർപ്പ് ഹാജരാക്കിയിട്ടില്ല. കൂടാതെ തുക കൈപ്പറ്റിയ സജിത് കുമാർ എന്ന വ്യക്തി ജോബ് വിസയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ 80000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-19 പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയില്ല

ഗ്രാമപഞ്ചായത്തിലെ 290 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 126875 രൂപ വീതം വാട്ടർ അതോറിറ്റിയിൽ ഒടുക്കുന്നുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ടാപ്പുകളെല്ലാം പ്രവർത്തനക്ഷമമാണോയെന്ന് ഉറപ്പാക്കിയിട്ടില്ല. ആയതിനാൽ സംയുക്ത പരിശോധന നടത്തി ടാപ്പുകളെല്ലാം പ്രവർത്തനക്ഷമമാണെന്ന് ഉറപ്പാക്കേണ്ടതും പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ ഉണ്ടെങ്കിൽ വെള്ളക്കരം പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-20 സാനിട്ടറി യൂണിറ്റ് നിർമ്മാണം - അധിക നിരക്കിൽ ആനുകൂല്യം നൽകി

അസിസ്റ്റന്റ് സെക്രട്ടറി, വി ഇ ഒ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി നടപ്പാക്കിയ സാനിട്ടറി യൂണിറ്റ് നിർമ്മാണം പ്രോജക്ടിൽ ഉൾപ്പെടുത്തി ഗുണഭോക്താക്കൾക്ക് ആനുകൂല്യമായി 8000/-രൂപ വീതം വികസന ഫണ്ട് അനുവദിച്ചിട്ടുണ്ട്. എന്നാൽ സ.ഉ.(സാധാ) നം.3507/2014/തസ്വഭവ (ഡിസി) തീ.31/12/14 പ്രകാരം 12000/-രൂപ ശുചിത്വ മിഷൻ ഫണ്ടും 3400/-രൂപ വികസന ഫണ്ടുമാണ് ചെലവഴിക്കാവുന്നത്. ഗുണഭോക്താക്കൾക്ക് അർഹമായിരുന്ന ഈ തുക അനുവദിക്കാതെ 8000/-രൂപ മാത്രം അനുവദിച്ചതിന് വിശദീകരണം ആരാഞ്ഞ് നൽകിയ (21/26.11.16) ഓഡിറ്റ് അന്വേഷണത്തിന് ഹാജരാക്കിയ മറുപടിയിൽ സ്വച്ച് ഭാരത് മിഷൻ പ്രകാരമുള്ള ആനുകൂല്യം നൽകേണ്ടിയിരുന്നത് സ്വച്ച് ഭാരത് മിഷന്റെ സർവ്വേ പ്രകാരം കക്കൂസില്ലെന്ന് കണ്ടെത്തിയവർക്കായിരുന്നു എന്നും ഇവരുടെ പേര് സ്വച്ച് ഭാരത് മിഷന്റെ വെബ് സൈറ്റിൽ ഉണ്ടായിരുന്നെന്നുമാണ്. ഈ ലിസ്റ്റ് ഗ്രാമസഭയിൽ വെച്ച് അനർഹരായവരെ ഒഴിവാക്കി ശുചിത്വ മിഷൻ ഫണ്ട് ലഭിച്ചിരുന്നില്ലെന്നും അതിനാൽ ഗ്രാമ സഭ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളെ ആനുകൂല്യം നൽകുന്നതിനായി പരിഗണിക്കുകയായിരുന്നെന്നും പറഞ്ഞിരിക്കുന്നു. സാനിട്ടറി യൂണിറ്റിന് അർഹരായവരുടെ ലിസ്റ്റ് ഗ്രാമ സഭയിൽ വെച്ച് അംഗീകരിച്ച് അതിനുശേഷം സ്വച്ച് ഭാരത് മിഷൻ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം നൽകേണ്ടതാണ്.

## 3-21 എൽ.എസ്.ജി.ഡി.യിലേക്ക് പ്രിന്റർ, യു.പി.എസ്-ചെലവ് രേഖയില്ല തുക

തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണം നടത്തിയ S014/2016 നമ്പർ പ്രോജക്ടിനായി വിവിധ ബില്ലുകൾ പ്രകാരം ചെലവഴിച്ച 156961/-രൂപയിൽ ബിൽ നമ്പർ 2-15/16 തീയതി, 22.9.15 പ്രകാരം പിൻവലിച്ച 7400/-രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 7400/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് 20/26.11.16 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

## 3-22 ചെലവ് പത്രിക – നടപ്പാക്കിയ എല്ലാ പ്രോജക്ടുകളുടെയും വിശദാംശം ഉൾപ്പെടുത്തിയില്ല

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം നടപ്പാക്കിയ എല്ലാ പ്രോജക്ടുകളുടേയും വിശദാംശങ്ങൾ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻവർഷം വിവിധ ഫണ്ടുകൾ ഉപയോഗിച്ച് നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരം ഒരു സംക്ഷിപ്ത രൂപത്തിൽ ലഭിക്കുന്ന ചെലവ് പത്രികയിൽ നടപ്പാക്കിയ എല്ലാ പ്രോജക്ടുകളുടേയും വിവരം ഉൾപ്പെടുത്താതിരുന്നത് ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ചെലവു പത്രിക പ്രകാരമുള്ള ചെലവ് |
|---|---|---|---|---|
| 1. | പതിമൂന്ന് കരക്കാർക്ക് കെട്ടുകാഴ്ച ഗ്രാന്റ് | 65000 | 65000 | 0 |
| 2. | കുടുംബശ്രീ വിപണന മേള | 200000 | 100000 | 0 |
| 3. | കുംഭഭരണി ഉത്സവുമായി ബന്ധപ്പെട്ട് ശുചിത്വം, അടിസ്ഥാന സൗകര്യം ഒരുക്കൽ | 60000 | 39300 | 0 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കുകൾ പരിശോധന - അപാകതകൾ

1). ബാലൻസ് ഷീറ്റിലെ B-18ഷെഡ്യൂളിലെ നിർവ്വഹണ ഏജൻസികൾക്കുള്ള മുൻകൂറുകൾ എന്ന ഹെഡിൽ വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് വർക്കിനായി നൽകിയ 1785294/-രൂപ ബാദ്ധ്യതയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ 457072/-രൂപയുടെ പ്രവൃത്തി പൂർത്തിയായതിനാൽ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ തുക B-18ഷെഡ്യൂളിൽ നിന്ന് കുറച്ചിട്ടില്ല.

2). വികസനഫണ്ട് എസ്.സി.പി.വിഹിതത്തിൽ നിന്നും പ്രോജക്ട് നിർവ്വഹണത്തിനായി (വിവാഹ ധനസഹായത്തിനായി) പിൻവലിച്ച 50000 രൂപ തിരികെ ഒടുക്കിയെങ്കിലും ഈ തുക എസ്.സി.പി. ആകെ വരവിൽ നിന്നും ചെലവിൽ നിന്നും കുറച്ചിട്ടില്ല.

3). വിവിധ ഡി.സി.ബി. ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.

4). ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4-2.സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|
| കേന്ദ്ര വിഹിതം | 296100 | അംഗൻവാടി പൂരക പോഷകാഹാരം | - | 296100 |

4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

4-5. വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശം | ഉത്തരവ് നം/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന വായ്പ | 562/10 22.2.10 | 21871500 | 3037158 | 2702485 | 0 | 334673 |

4-6. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7. ഓഡിറ്റ് റിക്കവറി

ഇല്ല

4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-38 | 2010-11 | 5.2.12 | പേപ്പർ കാരിബാഗ് നിർമ്മാണം | ആർ.ആർ.നടപടി സ്വീകരിച്ചതിൻ പ്രകാരം പി. ജയകുമാർ മെമ്പർ, മുൻ സെക്രട്ടറി ശ്രീ എൻ എസ് പ്രകാശ് ശ്രീ എസ് സുനിൽ കുമാർ മെമ്പർ എന്നിവർ ഒഴികെയുള്ള എല്ലാ മെമ്പർമാരും തുക ഒടുക്കിയിട്ടുണ്ട്. |

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 43438182 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 70902507 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1120484 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2139820 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 11754 | ഇന്ദു.എസ്.എസ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 8630 | ഇന്ദു.എസ്.എസ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10 | | 21840 | അജിത്ത്.എസ്, സെക്രട്ടറി |
| 3-11 | | 972000 | ശ്രീകുമാർ.എസ്,അസിസ്റ്റന്റ് സെക്രട്ടറി |
| 3-15 | | 500 | ഹേമലത ബാലചന്ദ്രൻ, കൃഷി ഓഫീസർ |
| | ആകെ | 1120484 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 64311 | ഇന്ദു.എസ്.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-12 | 89300 | റ്റി.റ്റി.വേണുകുമാർ, പ്രധാനാധ്യാപകൻ |
| 3-13 | 70200 | അജിത്ത്.എസ്, സെക്രട്ടറി |
| 3-14 | 522159 | ഹേമലത ബാലചന്ദ്രൻ, കൃഷി ഓഫീസർ |
| 3-16 | 21900/ | ഹേമലത ബാലചന്ദ്രൻ, കൃഷി ഓഫീസർ |
| 3-17 | 1284550 | ഡോ.മനോജ്, മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |
| 3-18 | 80000 | ശ്രീകുമാർ.എസ്, അസിസ്റ്റന്റ് സെക്രട്ടറി (60000)<br>ആർ.ഗോപാലകൃഷ്ണൻ, അസിസ്റ്റന്റ് സെക്രട്ടറി (20000) |

| | | |
|---|---|---|
| 3-21 | 7400 | അജിത്ത്.എസ്, സെക്രട്ടറി |
| ആകെ | 2139820 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അജിത്ത്.എസ് | സെക്രട്ടറി | TC 52/2240<br>പൌർണ്ണമി, നേമം.പിഒ, തിരുവനന്തപുരം |
| S.ശ്രീകുമാർ,അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീജ്യോതി,പിലാപ്പുഴ, ഹരിപ്പാട് |
| ഹേമലതാ ബാലചന്ദ്രൻ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, ചെട്ടികുളങ്ങര ഗ്രാമ പഞ്ചായത്ത് | നദി ഒഴത്തിൽ വീട്, കീഴി ചേരിമേൽ, ചെങ്ങന്നൂർ |
| ഇന്ദു.എസ്.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ, ചെട്ടികുളങ്ങര ഗ്രാമ പഞ്ചായത്ത് | കലാഭവനം, കൊട്ടിയം.പി.ഒ, കൊല്ലം |
| റ്റി.റ്റി.വേണുകുമാർ | ഹെഡ്മാസ്റ്റർ, GLPS, കണ്ണമംഗലം | താന്നിയിൽ ഇല്ലം, കൈത വടക്ക്, ചെട്ടികുളങ്ങര |
| ഗോപാലകൃഷ്ണൻ.ആർ | അസിസ്റ്റന്റ് സെക്രട്ടറി,<br>ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത് | ശ്രീവത്സം, ഈരേഴ വടക്ക്,<br>ചെട്ടികുളങ്ങര |
| ഡോ.മനോജ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | പുളിയിലേത്ത് വടക്കേമഠം, തുലാംപറമ്പ് (തെക്ക്), ഹരിപ്പാട് - 690514 |

*(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)*

4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച | റിമാർക്സ് |
|---|---|---|

| വർഷം | ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | |
|---|---|---|
| 1996-97മുതൽ 2005-06 വരെ | എൽ.എഫ്.ജിഎ5-1832/11/ 02.02.12 | |
| 2006-07മുതൽ 2009-10 വരെ | എൽ.എഫ്.ജിഎ5-1577/2013/ 24.5.14 | |
| 2010-11മുതൽ 2011-12 വരെ | എൽ.എഫ്.എപി 7-349/2014/ 19.03.14 | |
| 2012-13 | എൽ.എഫ്.എ.പി7-397/2015/25.6.15 /7.7.15 | |
| 2013-14 | എൽ.എഫ്.എ.എഎൽപി./പി7-11608/15/ 23.12.15/ 15.1.16 | |
| 2014-15 | കെഎസ്എ-എഎൽപി-പി7-830/16തീ.29.7.16 | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ആലപ്പുഴ

നം. കെ.എസ്.എ-എ.എൽ.പി/പി7-1562/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 30.12.2016

*ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന അപാകതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP/P7-1562/16

Kerala State Audit Department,

District Audit Office, Alappuzha

Date: 31.12.2016

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Chettikulangara Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Chettikulangara Gramapanchayat for the year 2015-16 except the observations in Para 4-1 of my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha